02
2026
നവംബർ
തിങ്കൾ
തുലാം 17

NAUTICAL TIMES
KERALA

The National Daily in Malayalam / English

നോട്ടിക്കൽ ടൈംസ് കേരള

e-mail: nauticaltimeskerala@gmail.com
RNI.Reg.No.KERBIL/2018/77391

തിരുവനന്തപുരം Thiruvananthapuram web: www. nauticaltimesmedia.com Volume-7, Issue No. 203 Page 4, Price: Rs. 2 പുസ്തകം-7 ലക്കം-203 പേജ് 4. വില 2.00 രൂപ

02 അടുത്ത 5 വർഷം കൂടി പ്രതിപക്ഷത്തിരിക്കാൻ കോൺഗ്രസ് തയാറെടുക്കണം: അമത് ഷാ

03 മുൻ സ്പീക്കർമാർക്കും ഡെപ്യൂട്ടി സ്പീക്കർമാർക്കും ആദരമർപ്പിച്ച് നിയമസഭ

04 സമുദ്രജീവികളിൽനിന്നും ഓർത്തോപീഡിക് ചികിത്സ



കേരളത്തിന്റെ എഴുപതാണ്ട് ആഘോഷിച്ച് ഫെസ്റ്റിവൽ ഓഫ് കേരളം

ഒരുവർഷം നീണ്ടുനിൽക്കുന്ന ആഘോഷത്തിന് തുടക്കമായി

ആർജിത നേട്ടങ്ങളെ അഭിമാനപൂർവം ഉയർത്തിപ്പിടിച്ച് മലയാളികൾ ഒറ്റക്കെട്ടായി മുന്നോട്ട് പോകുമെന്ന് സാംസ്കാരിക, ടൂറിസം വകുപ്പ് മന്ത്രി പി സി വിഷ്ണുനാഥ്. സംസ്ഥാന രൂപീകരണത്തിന്റെ ഏഴ് പതിറ്റാണ്ടുകൾ പൂർത്തിയാകുന്നതിന്റെ ഭാഗമായി സംസ്ഥാന സർക്കാർ സംഘടിപ്പിക്കുന്ന ഫെസ്റ്റിവൽ ഓഫ് കേരളത്തിന്റെ ഔദ്യോഗിക ഉദ്ഘാടനം തിരുവനന്തപുരം നിശാഗന്ധി ഓഡിറ്റോറിയത്തിൽ നിർവഹിക്കുകയായിരുന്നു മന്ത്രി. ദൈവത്തിന്റെ സ്വന്തം നാട് എന്ന ഖ്യാതി കേരളം നേടിയെടുത്തത് പ്രകൃതിഭംഗി കൊണ്ട് മാത്രമല്ല, സഹവർത്തിത്വവും എല്ലാ സമൂഹങ്ങളെയും ചേർത്ത് പിടിച്ച് കൊണ്ടുപോകാനുള്ള കഴിവും ഉള്ളത് കൊണ്ടാണെന്നും മന്ത്രി പറഞ്ഞു.

എഴുപത് വർഷത്തിൽ കേരളം ആന്തരികമായി ദൃഢമായെന്ന് ചടങ്ങിന് അധ്യക്ഷത വഹിച്ച ഗതാഗത വകുപ്പ് മന്ത്രി സി പി ജോൺ പറഞ്ഞു. വരുംതലമുറയ്ക്ക് പുതുയുഗം സമ്മാനിക്കാൻ വി ഡി സതീശൻ സർക്കാർ പ്രതിജ്ഞാബദ്ധമാണെന്നും മന്ത്രി പറഞ്ഞു. എപ്പോഴൊക്കെ പ്രതിസന്ധി നേരിട്ടിട്ടുണ്ടോ അപ്പോഴെല്ലാം ഒരു സമൂഹം എന്ന നിലയ്ക്ക് ഒറ്റക്കെട്ടായി നിലകൊള്ളുകയും പരസ്പരം താങ്ങും തണലുമാവുകയും ചെയ്യുകയെന്നത് മലയാളിയുടെ പ്രത്യേകതയാണെന്ന് വിശിഷ്ടാതിഥിയായ ടൊവിനോ തോമസ് പറഞ്ഞു.

സർക്കാർ ചട്ടങ്ങളിലും നിയമങ്ങളിലും നടപടിക്രമങ്ങളും മാറ്റം വരുത്താൻ പൊതുജനങ്ങൾക്ക് അഭിപ്രായങ്ങളും നിർദേശങ്ങളും സമർപ്പിക്കാൻ കഴിയുന്ന ബി പിപിആർ പോർട്ടലിന്റെ ലോഞ്ച് ചടങ്ങിൽ മന്ത്രി പി സി വിഷ്ണുനാഥ് നിർവഹിച്ചു.

കേരളപ്പിറവിയോടനുബന്ധിച്ച് ഇൻഫർമേഷൻ പബ്ലിക് റിലേഷൻസ് വകുപ്പ് പുറത്തിറക്കുന്ന സമകാലിക ജനപഥത്തിന്റെ പ്രത്യേക ഭാഷാ പതിപ്പിന്റെ പ്രകാശനം മന്ത്രി പി സി വിഷ്ണുനാഥ് നിർവഹിച്ചു.

വിവിധ സർക്കാർ വകുപ്പുകൾക്കുള്ള ഭരണഭാഷാ പുരസ്കാരങ്ങൾ മന്ത്രി സി പി ജോണും ചീഫ് സെക്രട്ടറി ബിശ്വനാഥ് സിൻഹയും വിതരണം ചെയ്തു. മന്ത്രി പി സി വിഷ്ണുനാഥ് എല്ലാവർക്കും ഭരണഭാഷാ പ്രതിജ്ഞ ചൊല്ലിക്കൊടുത്തു.

പൊതുഭരണ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി ഡോ. ബി അശോക് സ്വാഗതം ആശംസിച്ചു. സ്റ്റേറ്റ് പ്രോട്ടോകോൾ ഓഫീസർ ഗീതത്തിന്റെയും ദൃശ്യാവിഷ്കാരത്തിന്റെയും സമന്വയത്തിലൂടെ അവതരിപ്പിച്ച 'ഗാനാഞ്ജലി: കേരളത്തിന്റെ ആത്മാവിനുള്ള സംഗീതാർച്ചന' അരങ്ങേറി. ഉന്നത വിദ്യാഭ്യാസ വകുപ്പും അഡീഷണൽ സ്കിൽ അക്വിസിഷൻ പ്രോഗ്രാം കേരളയും സംയുക്തമായാണ് ഗാനാഞ്ജലി സംഘടിപ്പിച്ചത്. തുടർന്ന് നർത്തകി സുമ വർമയുടെ നേതൃത്വത്തിൽ ശാസ്ത്രീയ നൃത്താവിഷ്കാരം അരങ്ങേറി.



കേരളപ്പിറവി ദിനത്തിൽ നിയമസഭാ ജീവനക്കാർ മെഗാ തിരുവാതിര അവതരിപ്പിക്കുന്നു.

ഇന്ത്യയിലെ കടലിനടിയിലൂടെയുള്ള ആദ്യ ബുള്ളറ്റ് ട്രെയിൻ തുരങ്കപാത: നിർമാണം അതിവേഗം പുരോഗമിക്കുന്നു

ന്യൂഡൽഹി: ഇന്ത്യയിൽ കടലിനടിയിലൂടെ സർവീസ് നടത്തുന്ന ആദ്യ ബുള്ളറ്റ് ട്രെയിൻ പാതയുടെ നിർമാണ പ്രവർത്തനങ്ങൾ നാഷണൽ ഹൈ സ്പീഡ് റെയിൽ കോർപ്പറേഷൻ ലിമിറ്റഡ് ശക്തമായി മുന്നോട്ട് കൊണ്ടുപോകുന്നു.

മുംബൈഅഹമ്മദാബാദ് ബുള്ളറ്റ് ട്രെയിൻ കോറിഡോറിന്റെ ഭാഗമായി മഹാരാഷ്ട്രയിലെ ബാന്ദ്ര കുർള കോംപ്ലക്സിൽ നിന്ന് ഷിൽഫാറ്റ വരെയുള്ള 21 കിലോമീറ്റർ ദൈർഘ്യമുള്ള തുരങ്കത്തിൽ, 7 കിലോമീറ്റർ ഭാഗമാണ് 'താണെ ക്രീക്കിന് അടിയിലൂടെ കടന്നുപോകുന്നത്. സുരക്ഷിതമായ ഗതാഗതത്തിനായി തുരങ്കത്തിനുള്ളിൽ രണ്ട് സമാന്തര ട്രാക്കുകളാണ് ഒരുക്കുന്നത്. പരിസ്ഥിതിക്കും കടൽജീവികൾക്കും കേടുപാടുകൾ വരുത്താതെ ടണൽ ബോറിംഗ് മെഷീനുകൾ, ന്യൂ ഓസ്ട്രിയൻ ടണലിംഗ് മെത്തേഡ് എന്നിവ ഉപയോഗിച്ചാണ് ആഴത്തിലുള്ള ഈ തുരങ്കം നിർമിക്കുന്നത്.

ഇതിനുപുറമെ, ഡൽഹി-ആഗ്ര (59 മിനിറ്റ്), ഡൽഹി-ലഖ്നൗ, ഡൽഹി-വാരണാസി എന്നിവയെ ബന്ധിപ്പിക്കുന്ന ഉത്തരേന്ത്യൻ ബുള്ളറ്റ് ട്രെയിൻ പാതയ്ക്കും അടുത്തിടെ കേന്ദ്ര സർക്കാർ അനുമതി നൽകിയിരുന്നു. മുംബൈ-അഹമ്മദാബാദ് പാത പൂർത്തിയാകുന്നതോടെ ഇന്ത്യയിലെ അതിവേഗ റെയിൽ ഗതാഗത രംഗത്ത് വൻ കുതിച്ചുചാട്ടമുണ്ടാകും.

കെ-ടെറ്റ് ഇല്ലാത്ത അധ്യാപകരെ പിരിച്ചുവിടാനുള്ള ഉത്തരവ് പിൻവലിച്ചു


തിരുവനന്തപുരം: എയ്ഡഡ് സ്കൂളുകളിൽ കെ-ടെറ്റ് യോഗ്യതയില്ലാതെ പ്രവേശിച്ച അധ്യാപകരെ പിരിച്ചുവിടാനും സ്ഥാനക്കയറ്റം ലഭിച്ചവരെ മാതൃ തസ്തികയിലേക്ക് തരംതാഴ്ത്താനും നിർദേശിച്ച് പൊതുവിദ്യാഭ്യാസ വകുപ്പ് പുറപ്പെടുവിച്ച ഉത്തരവ് വിവാദമായതിന് പിന്നാലെ സർക്കാർ പിൻവലിച്ചു.

അധ്യാപക സംഘടനകളുടെ ശക്തമായ എതിർപ്പും പ്രതിഷേധവും ഉയർന്ന സാഹചര്യത്തിലാണ് വിദ്യാഭ്യാസ വകുപ്പിൻറെ ഈ അടിയന്തര നടപടി. വിഷയത്തിൽ പുതിയ സർക്കുലർ പിന്നീട് പുറപ്പെടുവിക്കുമെന്ന് സർക്കാർ വ്യക്തമാക്കിയിട്ടുണ്ട്.

2025 സെപ്റ്റംബർ ഒന്നിനോ അതിനുശേഷമോ കെ-ടെറ്റ് യോഗ്യതയില്ലാതെ എയ്ഡഡ് സ്കൂളുകളിൽ നിയമിക്കപ്പെട്ട അധ്യാപകരെ സേവനത്തിൽ നിന്ന് പുറത്താക്കാനും, കെ-ടെറ്റ് ഇല്ലാതെ പ്രൊമോഷൻ നേടിയവരെ യാതൊരു കാലതാമസവുമില്ലാതെ മാതൃ തസ്തികയിലേക്ക് തരംതാഴ്ത്താനും പൊതുവിദ്യാഭ്യാസ ഡയറക്ടർ നിർദേശിച്ചിരുന്നു.

സുപ്രീംകോടതി വിധിയുടെ പശ്ചാത്തലത്തിലാണ് നടപടിയെന്നായിരുന്നു പൊതുവിദ്യാഭ്യാസ വകുപ്പിൻറെ വിശദീകരണം. കെഎസ്ടിഎ ഉൾപ്പെടെയുള്ള ഭരണ-പ്രതിപക്ഷ അധ്യാപക സംഘടനകൾ ഉത്തരവിനെതിരെ ശക്തമായി രംഗത്തെത്തി.

മേതിൽ രാധാകൃഷ്ണന് എഴുത്തച്ഛൻ പുരസ്കാരം



തിരുവനന്തപുരം: ഈ വർഷത്തെ എഴുത്തച്ഛൻ പുരസ്കാരം മേതിൽ രാധാകൃഷ്ണന്. മലയാള ഭാഷയ്ക്കും സാഹിത്യത്തിനും മേതിൽ നൽകിയ സംഭാവനകളെ മാനിച്ചുകൊണ്ടാണ് കേരളത്തിലെ പരമോന്നത സാഹിത്യപുരസ്കാരമായ എഴുത്തച്ഛൻ പുരസ്കാരം അദ്ദേഹത്തിന് സമർപ്പിക്കുന്നതെന്ന് സാംസ്കാരികമന്ത്രി പി. സി വിഷ്ണുനാഥ് പറഞ്ഞു.

അഞ്ചുലക്ഷം രൂപയും പ്രശസ്തിപത്രവും ഫലകവുമടങ്ങുന്നതാണ് പുരസ്കാരം. വാർത്താസമ്മേളനത്തിൽ സാഹിത്യ അക്കാദമി അധ്യക്ഷൻ കൽപറ്റ നാരായണനും സംബന്ധിച്ചു. കെജിഎസ് അധ്യക്ഷനും കല്പറ്റ നാരായണൻ, കെ. സച്ചിദാനന്ദൻ, സാറാ ജോസഫ് എന്നിവർ അംഗങ്ങളും എം. പി സുരേന്ദ്രൻ മെമ്പർ സെക്രട്ടറിയുമായ ജൂറിയാണ് പുരസ്കാര ജേതാവിനെ തിരഞ്ഞെടുത്തത്.

അനന്യമായ ലാവണ്യബോധവും അനിതരമായ വീക്ഷണാശേഷിയും കൊണ്ട് മലയാള സാഹിത്യത്തിൽ നവഭാകുതം സൃഷ്ടിച്ച എഴുത്തുകാരനാണ് മേതിൽ എന്ന് ജൂറി വിലയിരുത്തി. ശാസ്ത്രം, തത്വചിന്ത, മനഃശാസ്ത്രം എന്നിവയെ സർഗാത്മകമായി സമന്വയിപ്പിച്ചുകൊണ്ട് ആധുനികോത്തര കാലഘട്ടത്തിലെ ശ്രദ്ധേയമായ സാന്നിധ്യമായി മാറുവാൻ അദ്ദേഹത്തിന് കഴിഞ്ഞുവെന്ന് സാംസ്കാരികമന്ത്രി പി. സി വിഷ്ണുനാഥ് പറഞ്ഞു.





ഇൻഫർമേഷൻ പബ്ലിക് റിലേഷൻസ് വകുപ്പ് പുറത്തിറക്കുന്ന സമകാലിക ജനപഥത്തിന്റെ പ്രത്യേക ഭാഷാ പതിപ്പിന്റെ പ്രകാശനം മന്ത്രി പി സി വിഷ്ണുനാഥ് നിർവഹിക്കുന്നു

അടുത്ത അഞ്ച് വർഷം കൂടി പ്രതിപക്ഷത്തിരിക്കാൻ കോൺഗ്രസ് തയാറെടുക്കണം: അമത് ഷാ

ന്യഡൽഹി: പ്രതിപക്ഷത്തിനെതിരെ രൂക്ഷ വിമർശനവുമായി കേന്ദ്ര ആഭ്യന്തരമന്ത്രി അമിത് ഷാ. 2029-ലെ തെരഞ്ഞെടുപ്പിൽ കോൺഗ്രസ് പൂർണമായി തുറന്നുകാട്ടപ്പെടുമെന്ന് അമിത് ഷാ പറഞ്ഞു. അടുത്ത അഞ്ച് വർഷം കൂടി പ്രതിപക്ഷത്തിരിക്കാൻ കോൺഗ്രസ് തയാറെടുക്കണം. അടുത്ത മൂന്ന് തവണത്തെ തെരഞ്ഞെടുപ്പിലൂടെ പോലും ഭരണത്തിലെത്താൻ രാഹുൽ ഗാന്ധിക്ക് കഴിയില്ലെന്നും അമിത് ഷാ പരിഹസിച്ചു.

അതേസമയം, രാഹുൽ ഗാന്ധിക്കെതിരെ രൂക്ഷ വിമർശനവുമായി ബിജെപി നേതൃത്വവും രംഗത്തെത്തി. ജനാധിപത്യത്തിൽ വിശ്വാസമില്ലാത്തവരാണ് കോൺഗ്രസെന്നും രാജ്യത്തെ 140 കോടി ജനങ്ങളെയല്ല, മറിച്ച് നുഴഞ്ഞുകയറ്റക്കാരെയാണ് കോൺഗ്രസ് വിശ്വസിക്കുന്നതെന്നും ബിജെപി നേതാക്കൾ ആരോപിച്ചു.

ജനവിധി അംഗീകരിക്കാൻ രാഹുൽ ഗാന്ധി തയാറാകുന്നില്ലെന്നും വിമർശനമുയർന്നു. ഹിമാചൽ പ്രദേശ്, കർണാടക, കേരളം എന്നിവിടങ്ങളിൽ വിജയിക്കുമ്പോൾ ജനാധിപത്യം വിജയിച്ചെന്ന് പറയുന്ന കോൺഗ്രസ്, ഹരിയാന, മഹാരാഷ്ട്ര, ഉത്തർപ്രദേശ്, ബിഹാർ, ബംഗാൾ തുടങ്ങിയ സംസ്ഥാനങ്ങളിൽ പരാജയപ്പെടുമ്പോൾ ജനാധിപത്യം അപകടത്തിലാണെന്ന് പറയുന്ന ഇരട്ടത്താപ്പാണ് സ്വീകരിക്കുന്നത്.

ഗാന്ധി കുടുംബത്തിന്റെ താൽപ്പര്യങ്ങൾക്കനുസരിച്ച് മാത്രം ജനാധിപത്യം നടത്താനാണ് കോൺഗ്രസിന്റെ ശ്രമമെന്നും പാർട്ടി നേതൃത്വം കുറ്റപ്പെടുത്തി.

പൊലിസിനെ വിമർശിച്ച് സിപിഎം നേതാവിട്ട പോസ്റ്റിന് ലൈക്ക്; എസ്ഐയെ സസ്പെൻഡ് ചെയ്തു

തിരുവനന്തപുരം: പൊലിസിനെ വിമർശിച്ചുകൊണ്ടുള്ള ഫേസ്ബുക്ക് ലൈക്ക് ചെയ്ത പൊലിസ് ഉദ്യോഗസ്ഥന് സസ്പെൻഷൻ. തിരുവല്ലം സ്റ്റേഷനിലെ ഗ്രേഡ് എസ്ഐ ആർ. പി. അരവിന്ദിനെ ആണ് സസ്പെൻഡ് ചെയ്തത്.

സിപിഎം നേതാവ് ഐ പി ബിനുവിന്റെ പോസ്റ്റിനാണ് അരവിന്ദ് ലൈക്ക് ചെയ്തത്. പൊലിസിനെ വിമർശിക്കുന്ന പോസ്റ്റിൽ ലൈക്ക് ചെയ്തത് അച്ചടക്കലംഘനമാണെന്ന വിലയിരുത്തലിലാണ് നടപടി. 'അരവിന്ദ് അഭയം' എന്ന പ്രൊഫൈലിൽനിന്നാണ് ബിനുവിന്റെ പോസ്റ്റിന് ലൈക്ക് ചെയ്തത്.

ഓച്ചിറയിൽ വീട്ടിൽ വൻ മദ്യശേഖരം; 124 കുപ്പി മദ്യവുമായി ഒരാൾ പിടിയിൽ

കൊല്ലം: ഡ്രൈ ഡേയിൽ അനധികൃതമായി മദ്യം വിൽപന നടത്തിയ കേസിൽ ഓച്ചിറയിൽ ഒരാൾ അറസ്റ്റിൽ. ചങ്ങൻകുളങ്ങര കൊച്ചു മഠത്തിൽ വീട്ടിൽ ഗോപാലകൃഷ്ണനാണ് (49) എക്സൈസ് സംഘത്തിൻറെ പിടിയിലായത്.

ഇയാളുടെ വീട്ടിൽ നടത്തിയ പരിശോധനയിൽ 62 ലിറ്റർ വരുന്ന 124 കുപ്പി ഇന്ത്യൻ നിർമിത വിദേശമദ്യം പിടികൂടി.

ഡ്രൈ ഡേകളിൽ ഉയർന്ന വിലയ്ക്ക് മദ്യം വിൽപന നടത്തുന്നതായി എക്സൈസ് വകുപ്പിന് ലഭിച്ച രഹസ്യ വിവരത്തിൻറെ അടിസ്ഥാനത്തിലാണ് പ്രതിയുടെ വീട്ടിൽ പരിശോധന നടത്തിയത്. തുടർന്ന് മദ്യശേഖരം കസ്റ്റഡിയിലെടുക്കുകയും പ്രതിയുടെ അറസ്റ്റ് രേഖപ്പെടുത്തുകയും ചെയ്തു.

പൊതുസ്ഥലത്തെ മദ്യപാനം ചോദ്യം ചെയ്ത ഹോം ഗാർഡിനെ മർദിച്ച് കൊന്നു; മൂന്ന് പേർ അറസ്റ്റിൽ

ചെന്നൈ: തമിഴ്നാട്ടിലെ അരിയലൂർ ജില്ലയിൽ പൊതുസ്ഥലത്ത് മദ്യപിക്കുന്നത് ചോദ്യം ചെയ്ത ഹോം ഗാർഡിനെ പ്രതികൾ മർദിച്ച് കൊലപ്പെടുത്തി. സെന്തുറൈക്ക് സമീപമുള്ള തളവായ് പൊലിസ് സ്റ്റേഷൻ പരിധിയിൽ പട്രോളിംഗ് ഡ്യൂട്ടിയിലുണ്ടായിരുന്ന വെങ്കടേശൻ ആണ് ചികിത്സയിലിരിക്കെ മരണപ്പെട്ടത്.

ഒക്ടോബർ 29-നായിരുന്നു കേസിനാസ്പദമായ സംഭവം നടന്നത്. രാത്രി പൊലിസ് കോൺസ്റ്റബിൾ രാജാ കണ്ണും വെങ്കടേശനും പട്രോളിംഗ് നടത്തുന്നതിനിടയിൽ സ്വകാര്യ സിമൻറ് ഫാക്ടറിക്ക് സമീപം മൂന്നുപേർ മദ്യപിക്കുന്നത് കാണുകയും അവിടം വിട്ടുപോകാൻ മുന്നറിയിപ്പ് നൽകുകയും ചെയ്തിരുന്നു.

തുടർന്ന് പുലർച്ചെയോടെ ഇതേസംഘം വിനായകർ ക്ഷേത്രത്തിന് സമീപം വീണ്ടും മദ്യപിക്കുന്നത് പട്രോളിംഗ് സംഘത്തിൻറെ ശ്രദ്ധയിൽപ്പെടുകയും, ഇത് വീണ്ടും ചോദ്യം ചെയ്യുകയും ചെയ്തു. ഇതിൽ പ്രകോപിതരായ പ്രതികൾ കോൺസ്റ്റബിൾ രാജാകണ്ണിനെ തടഞ്ഞുവച്ച് വെങ്കടേശൻറെ മുഖത്തും തലയിലും ക്രൂരമായി മർദിക്കുകയായിരുന്നു. മർദനമേറ്റ് ഗുരുതരമായി പരിക്കേറ്റ വെങ്കടേശൻ ബോധരഹിതനായി വീഴുക യായിരുന്നു.

സംഭവസ്ഥലത്തുണ്ടായിരുന്ന മറ്റു പൊലിസുകാർ ഉടൻതന്നെ ഇദ്ദേഹത്തെ സെന്തുറൈ സർക്കാർ ആശുപത്രിയിലും പിന്നീട് തിരുച്ചിറപ്പള്ളിയിലെ സ്വകാര്യ ആശുപത്രിയിലും പ്രവേശിപ്പിച്ചു. തുടർന്ന് കൂടുതൽ വിദഗ്ധ ചികിത്സയ്ക്കായി തഞ്ചാവൂർ മെഡിക്കൽ കോളജ് ആശുപത്രിയിലേക്ക് മാറ്റിയെങ്കിലും ജീവൻ രക്ഷിക്കാനായില്ല.

ആശുപത്രിയിൽ ചികിത്സയിൽ കഴിയവേ വെങ്കടേശൻ മരണത്തിന് കീഴടങ്ങുകയായിരുന്നു. പ്രതികളായ മൂന്ന് പേരെയും പൊലിസ് അറസ്റ്റ് ചെയ്തിരുന്നു.

ജമ്മു കാഷ്മീർ മുഖ്യമന്ത്രി ഒമർ അബ്ദുള്ളയും മാധ്യമപ്രവർത്തക നിധി രാസ്ദാനും വിവാഹിതരായി

ന്യൂഡൽഹി: ജമ്മു കാഷ്മീർ മുഖ്യമന്ത്രി ഒമർ അബ്ദുള്ളയും പ്രമുഖ മാധ്യമ പ്രവർത്തക നിധി രാസ്ദാനും വിവാഹിതരായി. തങ്ങളുടെ പുതിയ ജീവിതയാത്ര ആരംഭിച്ച വിവരം സോഷ്യൽ മീഡിയ പോസ്റ്റുകളിലൂടെയാണ് ഇരുവരും പങ്കുവെച്ചത്. 56-കാരനായ ഒമർ അബ്ദുള്ള 'ഇന്നലെ ഒരു പുതിയ യാത്ര ആരംഭിച്ചു' എന്ന അടിക്കുറിപ്പോടെയാണ് ചിത്രങ്ങൾ പങ്കുവെച്ചത്.

ന്യൂഡൽഹിയിൽ സ്പെഷ്യൽ മാര്യേജ് ആക്ട് പ്രകാരമായിരുന്നു വിവാഹച്ചടങ്ങുകൾ നടന്നത്. തുടർന്ന് ശ്രീനഗറിൽ വെച്ച് അടുത്ത കുടുംബാംഗങ്ങൾ പങ്കെടുത്ത ചടങ്ങും സംഘടിപ്പിച്ചു. നാഷണൽ കോൺഫറൻസ് അധ്യക്ഷൻ ഫാറൂഖ് അബ്ദുള്ള, മോളി അബ്ദുള്ള, നിധി രാസ്ദാൻറെ മാതാപിതാക്കളായ എം. കെ. രാസ്ദാൻ, സർള രാസ്ദാൻ എന്നിവരുൾപ്പെടെ അടുത്ത ബന്ധുക്കൾ പങ്കെടുത്തു.

മുൻ ഭാര്യ പായൽ അബ്ദുള്ളയുമായുള്ള ഒമർ അബ്ദുള്ളയുടെ വിവാഹബന്ധം പരസ്പര സമ്മതത്തോടെയുള്ള ഒത്തുതീർപ്പിനെത്തുടർന്ന് സുപ്രീം കോടതി അടുത്തിടെയാണ് ഔദ്യോഗികമായി വേർപെടുത്തിയത്.

ഇരുവരുടെയും രണ്ടാം വിവാഹമാണിത്.

പഞ്ചാബിൽ ആം ആദ്മി പാർട്ടിക്ക് വൻ തിരിച്ചടി; ആദ്യ സ്ഥാനാർഥി പട്ടികയ്ക്ക് പിന്നാലെ രണ്ട് എംഎൽഎമാർ രാജി വെച്ചു

ചണ്ഡീഗഡ്: 2027-ലെ പഞ്ചാബ് നിയമസഭാ തെരഞ്ഞെടുപ്പിനുള്ള 40 സ്ഥാനാർഥികളുടെ ആദ്യ പട്ടിക എഎപി പുറത്തിറക്കിയതിന് തൊട്ടുപിന്നാലെ പാർട്ടിയിൽ കടുത്ത ആഭ്യന്തര ഭിന്നത. പട്യാല ജില്ലയിൽ നിന്നുള്ള രണ്ട് മുതിർന്ന എംഎൽഎമാർ പാർട്ടിയുടെ പ്രാഥമിക അംഗത്വത്തിൽ നിന്നും എംഎൽഎ സ്ഥാനത്ത് നിന്നും രാജി സമർപ്പിച്ചു.

സനൂർ മണ്ഡലത്തിൽ നിന്നുള്ള എംഎൽഎ ഹർമീത് സിംഗ് പഠാൻമജ്ര, സമാന മണ്ഡലത്തെ പ്രതിനിധീകരിക്കുന്ന മുൻ മന്ത്രി ചേതൻ സിംഗ് ജൗരമജ്ര എന്നിവരാണ് രാജിവെച്ചത്.

ഹർമീത് സിംഗ് പഠാൻമജ്ര എഎപി ദേശീയ കൺവീനർ അരവിന്ദ് കെജ്രിവാളിന് രാജി സമർപ്പിച്ചു. ചേതൻ സിംഗ് ജൗരമജ്ര സോഷ്യൽ മീഡിയ പോസ്റ്റിലൂടെയാണ് പാർട്ടിയിൽ നിന്നുള്ള രാജി പ്രഖ്യാപിച്ചത്.

ഈ രണ്ട് മണ്ഡലങ്ങളിലെയും സ്ഥാനാർഥികളെ എഎപി ആദ്യ പട്ടികയിൽ പ്രഖ്യാപിച്ചിരുന്നില്ലെങ്കിലും, നേതൃത്വവുമായുള്ള അഭിപ്രായവ്യത്യാസങ്ങളാണ് രാജിക്ക് കാരണം. സമാന മണ്ഡലത്തിൽ മുൻ ഷിരോമണി അകാലിദൾ നേതാവ് സുർജിത് സിംഗ് രഖ്റയെ പാർട്ടിയുടെ ഹൽഖാ ഇൻ-ചാർജ് ആക്കിയതിനെ തുടർന്ന് ജൗരമജ്ര അതൃപ്തനായിരുന്നു.

മുഖ്യമന്ത്രി ഭഗവന്ത് മാൻ (ധൂരി മണ്ഡലം), സ്പീക്കർ കുൽതാർ സിംഗ് സന്ധ്വാൻ തുടങ്ങി 40 നിലവിലെ എംഎൽഎ. എമാർക്ക് ആദ്യ പട്ടികയിൽ സീറ്റ് ഉറപ്പിച്ചിട്ടുണ്ട്. എങ്കിലും മറ്റ് മന്ത്രിമാരുടെയും പ്രമുഖരുടെയും പേരുകൾ മാറ്റിവെച്ചത് പാർട്ടിയിൽ അമർഷത്തിന് ഇടയാക്കിയിട്ടുണ്ട്.

തെരഞ്ഞെടുപ്പിന് ഏറെ മുമ്പേ ആദ്യ സ്ഥാനാർഥി പട്ടിക പുറത്തുവിട്ട് പ്രചാരണരംഗത്ത് മുൻതൂക്കം നേടാൻ ശ്രമിച്ച ആം ആദ്മി പാർട്ടിക്ക് സ്വന്തം ജനപ്രതിനിധികളുടെ ഈ വൻ രാജി വലിയ രാഷ്ട്രീയ തിരിച്ചടിയാണ് സൃഷ്ടിച്ചിരിക്കുന്നത്.

വീണ്ടും മഴക്കാലം; ഒറ്റപ്പെട്ടയിടങ്ങളിൽ ഇന്നും ഇടിയോടുകൂടി മഴയെത്തും, യെല്ലോ അലർട്ട്

തിരുവനന്തപുരം: സംസ്ഥാനത്ത് വീണ്ടും മഴമുന്നറിയിപ്പ്. ഒറ്റപ്പെട്ടയിടങ്ങളിൽ ഇന്നു മുതൽ ബുധനാഴ്ച വരെ ഇടിമിന്നലോട് കൂടിയ മഴയ്ക്കും മണിക്കൂറിൽ 30 മുതൽ 40 കിലോമീറ്റർ വരെ വേഗത്തിൽ ശക്തമായ കാറ്റിനും സാധ്യതയുണ്ടെന്ന് കേന്ദ്ര കാലാവസ്ഥ വകുപ്പ് അറിയിച്ചു.

വിവിധ ജില്ലകളിൽ കേന്ദ്ര കാലാവസ്ഥാ വകുപ്പ് യെല്ലോ അലർട്ട് പ്രഖ്യാപിച്ചിട്ടുണ്ട്. ഇന്ന് പത്തനംതിട്ട, കോട്ടയം, ഇടുക്കി ജില്ലകളിലാണ് മുന്നറിയിപ്പുള്ളത്. തിങ്കളാഴ്ച ഇടുക്കി, പാലക്കാട്, മലപ്പുറം, വയനാട് ജില്ലകളിലും ചൊവ്വാഴ്ച കോഴിക്കോട്, വയനാട്, കണ്ണൂർ ജില്ലകളിലും ബുധനാഴ്ച കണ്ണൂർ, കാസർഗോഡ് ജില്ലകളിലും യെല്ലോ അലർട്ടാണ്.

വരുംമണിക്കൂറിൽ കൊല്ലം, പത്തനംതിട്ട, ആലപ്പുഴ, കോട്ടയം, എറണാകുളം, തൃശൂർ ജില്ലകളിൽ ഒറ്റപ്പെട്ടയിടങ്ങളിൽ നേരിയ മഴയ്ക്ക് സാധ്യതയുണ്ട്.

ഇന്ന് തെക്കൻ ബംഗാൾ ഉൾക്കടലിൻറെ വടക്കൻ ഭാഗങ്ങൾ മധ്യ പടിഞ്ഞാറൻ ബംഗാൾ ഉൾക്കടലിൻറെ തെക്കൻ ഭാഗങ്ങൾ എന്നിവിടങ്ങളിൽ മണിക്കൂറിൽ 60 മുതൽ 90 കിലോമീറ്റർ വരെയും ചില അവസരങ്ങളിൽ മണിക്കൂറിൽ 100 കിലോമീറ്റർ വരെയും അതിശക്തമായ കാറ്റിന് സാധ്യതയുണ്ട്.

തെക്കൻ ബംഗാൾ ഉൾക്കടലിൻറെ മധ്യ പടിഞ്ഞാറൻ ബംഗാൾ ഉൾക്കടലിൽ തെക്കൻ ഭാഗങ്ങൾ എന്നിവിടങ്ങളിൽ മണിക്കൂറിൽ 55 മുതൽ 65 കിലോമീറ്റർ വരെയും ചില അവസരങ്ങളിൽ മണിക്കൂറിൽ 75 കിലോമീറ്റർ വരെയും ശക്തമായ കാറ്റിനും മോശം കാലാവസ്ഥയ്ക്കും സാധ്യതയുണ്ടെന്നും മുന്നറിയിപ്പിൽ പറയുന്നു.

വടക്കൻ തമിഴ്നാട് തീരം, ആന്ധ്രപ്രദേശ് തീരം, മധ്യ പടിഞ്ഞാറൻ ബംഗാൾ ഉൾക്കടൽ അതിനോട് ചേർന്ന മധ്യ കിഴക്കൻ ബംഗാൾ ഉൾക്കടൽ, തെക്കൻ ബംഗാൾ ഉൾക്കടൽ എന്നിവിടങ്ങളിൽ മണിക്കൂറിൽ 40 മുതൽ 50 കിലോമീറ്റർ വരെയും ചില അവസരങ്ങളിൽ മണിക്കൂറിൽ 60 കിലോമീറ്റർ വരെയും ശക്തമായ കാറ്റിനും മോശം കാലാവസ്ഥയ്ക്കും സാധ്യതയുണ്ടെന്നും മുന്നറിയിപ്പിൽ പറയുന്നു.

റാലിയുടെ പങ്കാളിത്തത്തിൽ ഇന്ത്യ സഖ്യത്തെ പരിഹസിച്ച് ബിജെപി: 'രാംലീല മൈതാനത്തിൻറെ 40 ശതമാനവും വിജനമായിരുന്നു

ന്യൂഡൽഹി: ഡൽഹി രാംലീല മൈതാനിയിൽ ഇന്ത്യ സഖ്യം സംഘടിപ്പിച്ച 'ചലോ ഡൽഹി' മഹാറാലിയിലെ ജനപങ്കാളിത്തത്തെ പരിഹസിച്ച് ബിജെപി. റാലിയിൽ 10 ലക്ഷം ആളുകൾ പങ്കെടുക്കുമെന്ന് കോൺഗ്രസ് നേതാക്കൾ അവകാശപ്പെട്ടിരുന്നെങ്കിലും രാംലീല മൈതാനത്തിൻറെ 40 ശതമാനത്തോളം ഭാഗവും വിജനമായിരുന്നുവെന്ന് ബിജെപി വക്താവ് സംബീത് പത്ര വാർത്താസമ്മേളനത്തിൽ ആരോപിച്ചു.

രാഹുൽ ഗാന്ധി, കെ. സി. വേണുഗോപാൽ, പവൻ ഖേര തുടങ്ങിയ കോൺഗ്രസ് നേതാക്കൾ പത്ത് ലക്ഷം ആളുകൾ എത്തുമെന്ന് പ്രചരിപ്പിച്ചിരുന്നു. എന്നാൽ വേദിയിലെ ദൃശ്യങ്ങൾ വ്യക്തമാക്കുന്നത് മൈതാനത്തിൻറെ 40 ശതമാനത്തോളം വിജനമായിരുന്നു എന്നാണ്. റാലി വേദിയിൽ ഒരുക്കിയിരുന്ന 28,000 കസേരകളിൽ ഏകദേശം 5,000 മുതൽ 7,000 വരെ കസേരകൾ വൈകുന്നേരം 3:30-നും 4: 00-നും ഇടയിൽ ഒഴിഞ്ഞുകിടക്കുകയായിരുന്നുവെന്ന് ഡ്രോൺ ദൃശ്യങ്ങൾ ഉദ്ധരിച്ച് സംബിത് പത്ര ചൂണ്ടിക്കാട്ടി.

രൂക്ഷവിമർശനവുമായി പ്രതിപക്ഷ നേതാക്കൾ

ന്യൂഡൽഹി: വോട്ട് ചോരിക്കെതിരെ ഡൽഹി രാംലീല മൈതാനിയിൽ നടന്ന ഇന്ത്യ സഖ്യത്തിൻറെ 'ചലോ ഡൽഹി' മഹാറാലിയിൽ കേന്ദ്ര സർക്കാരിനും മുഖ്യ തെരഞ്ഞെടുപ്പ് കമ്മീഷണർ ഗ്യാനേഷ് കുമാറിനുമെതിരെ രൂക്ഷവിമർശനവുമായി പ്രതിപക്ഷ നേതാക്കൾ. ബിജെപിയുടെ രാഷ്ട്രീയ പതനം ഉത്തർപ്രദേശിൽ നിന്നായിരിക്കും ആരംഭിക്കുകയെന്ന് സമാജ്വാദി പാർട്ടി അധ്യക്ഷൻ അഖിലേഷ് യാദവ് പറഞ്ഞു.

'ബിജെപിയുടെ പതനം യു. പിയിൽ നിന്ന് ആരംഭിക്കും. 'വോട്ടർപട്ടികയിലെ അട്ടിമറികൾ മൂലമാണ് കഴിഞ്ഞ യുപി, ബംഗാൾ തെരഞ്ഞെടുപ്പുകളിൽ തങ്ങൾക്ക് തിരിച്ചടിയുണ്ടായതെന്നും, 2027-ൽ ബിജെപിക്ക് ഭരണത്തിൽ തിരിച്ചെത്താനാകില്ലെന്നും അദ്ദേഹം വ്യക്തമാക്കി. ബിജെപിയുടെ ഡബിൾ എഞ്ചിൻ സർക്കാർ ഇപ്പോൾ 'ഡബിൾ സീറോ' ആയി മാറിയെന്നും അഖിലേഷ് പരിഹസിച്ചു.

പ്രധാനമന്ത്രി മോദിയെ അധികാരത്തിൽ നിന്ന് മാറ്റിയാൽ മാത്രമേ രാജ്യത്ത് ജനാധിപത്യം സംരക്ഷിക്കപ്പെടുകയുള്ളുവെന്ന് കോൺഗ്രസ് ദേശീയ അധ്യക്ഷൻ മല്ലികാർജുൻ ഖാർഗെ പറഞ്ഞു. സ്ത്രീകളുടെയും യുവാക്കളുടെയും ദളിതരുടെയും വോട്ടവകാശം കവർന്നെടുക്കാനാണ് മോദിയും അമിത് ഷായും ശ്രമിക്കുന്നത്. മുഖ്യ തെരഞ്ഞെടുപ്പ് കമ്മീഷണർ ഗ്യാനേഷ് കുമാർ പദവി ഒഴിയുന്നത് വരെ പ്രതിപക്ഷ പോരാട്ടം തുടരുമെന്നും ഖാർഗെ വ്യക്തമാക്കി.

'വോട്ട് മോഷ്ടിക്കുന്നവർക്കായി ഞങ്ങൾ ഇതാ ഒരു 'മഹാഭാരതം' ഒരുക്കിയിരിക്കുന്നു. ' എന്നാണ് ബിഹാർ പ്രതിപക്ഷ നേതാവ് തേജസ്വി യാദവ് പറഞ്ഞത്. സാധാരണ രാമായണം നടക്കുന്ന ഈ രാംലീല മൈതാനിയിൽ വോട്ട് കവരുന്നവർക്കെതിരായി കുരുക്ഷേത്ര യുദ്ധം തുടങ്ങിയിരിക്കുകയാണ്. മുഖ്യ തെരഞ്ഞെടുപ്പ് കമ്മീഷണർ ഗ്യാനേഷ് കുമാർ പ്രധാനമന്ത്രിയുടെ കളിപ്പാവയായി പ്രവർത്തിക്കുകയാണെന്നും അദ്ദേഹം ആരോപിച്ചു.

രാജ്യത്ത് വോട്ട് തിരിമറി നടന്നതിൻറെ വ്യക്തമായ തെളിവുകളും ചരിത്രവും വരും ദിവസങ്ങളിൽ ജനങ്ങൾക്ക് മുന്നിൽ വെളിപ്പെടുത്തുമെന്നും വോട്ടവകാശം ഭരണഘടനാപരമായ അവകാശമാണെന്നും മുതിർന്ന അഭിഭാഷകൻ കപിൽ സിബൽ പറഞ്ഞു.

വോട്ടർപട്ടികയിൽ നിന്ന് 13 കോടി ജനങ്ങളുടെ പേരുകൾ നീക്കം ചെയ്ത നടപടി തികച്ചും ജനാധിപത്യ വിരുദ്ധമാണ്. കോൺഗ്രസിൻറെ മാത്രം കാര്യമല്ലിത്, ഇന്ത്യൻ ജനതയുടെ മുഴുവൻ ഭരണഘടനാ അവകാശങ്ങൾ സംരക്ഷിക്കാനാണ് ഈ പോരാട്ടമെന്നും തരൂർ വ്യക്തമാക്കി.

രാഹുൽ ഗാന്ധി, പ്രിയങ്ക ഗാന്ധി, മമത ബാനർജി, എം. എ. ബേബി, നേഹ ബോറ തുടങ്ങി ഇന്ത്യ സഖ്യത്തിലെ പ്രമുഖ നേതാക്കൾ വേദിയിൽ അണിനിരന്ന റാലിയിൽ പതിനായിരക്കണക്കിന് പ്രവർത്തകരാണ് പങ്കെടുത്തത്.

മോദി അധികാരത്തിലെത്തിയത് ഗ്യാനേഷ് കുമാറിൻറെ ഒത്താശയോടെ, 2024ലെ തെരഞ്ഞെടുപ്പ് നിയമവിരുദ്ധമെന്ന് രാഹുൽ ഗാന്ധി

ന്യൂഡൽഹി: 2024ലെ ലോക്സഭാ തെരഞ്ഞെടുപ്പ് പൂർണമായും നിയമവിരുദ്ധമാണെന്നും ഗ്യാനേഷ് കുമാർ പദവിയിൽ നിന്ന് പുറത്താക്കപ്പെട്ട് ജയിലിൽ പോകുമെന്നും ലോക്സഭാ പ്രതിപക്ഷ നേതാവ് രാഹുൽ ഗാന്ധി. രാജ്യത്തെ ജനങ്ങളുടെ വോട്ടവകാശം കവർന്നെടുത്ത വോട്ട് മോഷണം കേവലം തെരഞ്ഞെടുപ്പ് തിരിമറിയല്ല, അങ്ങേയറ്റം കടുത്ത രാജ്യദ്രോഹപരമായ കുറ്റമാണെന്നും അദ്ദേഹം തുറന്നടിച്ചു. ഡൽഹി രാംലീല മൈതാനിയിൽ തെരഞ്ഞെടുപ്പ് കമ്മീഷൻറെ എസ്ഐആർ നടപടികൾക്കെതിരെ ഇന്ത്യ സഖ്യം സംഘടിപ്പിച്ച ചലോ ഡൽഹി പ്രതിഷേധ മഹാറാലിയെ അഭിസംബോധന ചെയ്ത് സംസാരിക്കുകയായിരുന്നു അദ്ദേഹം.

'ഇത് കേവലം ഒരു തെരഞ്ഞെടുപ്പ് തിരിമറിയല്ല, ഇന്ത്യയുടെ ആത്മാവിൻറെ മോഷണമാണ്. ഇതിനെ രാജ്യദ്രോഹം എന്നാണ് വിളിക്കേണ്ടത്. മുഖ്യ തെരഞ്ഞെടുപ്പ് കമ്മീഷണർ ഗ്യാനേഷ് കുമാർ ഒത്താശ ചെയ്തില്ലായിരുന്നുവെങ്കിൽ നരേന്ദ്ര മോദി പ്രധാനമന്ത്രിയോ അമിത് ഷാ ആഭ്യന്തര മന്ത്രിയോ ആകില്ലായിരുന്നു, ' രാഹുൽ ഗാന്ധി കുറ്റപ്പെടുത്തി.

2024ലെ തെരഞ്ഞെടുപ്പിന് ശേഷം 15 ശതമാനത്തോളം വോട്ടർമാരെയാണ് പട്ടികയിൽ നിന്ന് ഒഴിവാക്കിയത്. ഇന്ത്യ സഖ്യവും എൻഡിഎയും തമ്മിൽ വെറും മൂന്ന് ശതമാനം വോട്ടിൻറെ വ്യത്യാസം മാത്രമാണുണ്ടായിരുന്നതെന്ന് തെരഞ്ഞെടുപ്പ് കമ്മീഷൻറെ ഔദ്യോഗിക വിവരങ്ങൾ തന്നെ വ്യക്തമാക്കുന്നുണ്ടെന്ന് അദ്ദേഹം ചൂണ്ടിക്കാട്ടി.

രാജ്യത്തെ വിദ്യാഭ്യാസ സ്ഥാപനങ്ങൾ മുതൽ അന്വേഷണ ഏജൻസികൾ വരെയുള്ള മുഴുവൻ ഭരണഘടനാ സ്ഥാപനങ്ങളെയും ആർഎസ്എസ് സ്വന്തം വരുതിയിലാക്കിയിരിക്കുകയാണെന്ന് രാഹുൽ ആരോപിച്ചു. ഇതുകൊണ്ടാണ് കർഷകർക്കും തൊഴിലാളികൾക്കും യുവാക്കൾക്കും അർഹമായ അവകാശങ്ങൾ ലഭിക്കാത്തത്.

എത്ര പണവും അധികാരവും ഉള്ളയാളായാലും ഭരണഘടനയ്ക്ക് അതീതരല്ലെന്നും രാജ്യത്തെ ജനാധിപത്യത്തെ തകർക്കാൻ പ്രതിപക്ഷം അനുവദിക്കില്ലെന്നും അദ്ദേഹം വ്യക്തമാക്കി.

പ്രധാനമന്ത്രി മോദി പുറത്തുപോകണം: മല്ലികാർജുൻ ഖാർഗെ

കേന്ദ്രത്തിലും ഉത്തർപ്രദേശ്, ബിഹാർ, മഹാരാഷ്ട്ര തുടങ്ങിയ സംസ്ഥാനങ്ങളിലും ബിജെപി ഭരണത്തിലേറിയത് വോട്ട് മോഷണത്തിലൂടെയാണെന്ന് കോൺഗ്രസ് ദേശീയ അധ്യക്ഷൻ മല്ലികാർജുൻ ഖാർഗെ ആരോപിച്ചു.

രാജ്യത്ത് ജനാധിപത്യം തിരികെ കൊണ്ടുവരണമെങ്കിൽ നരേന്ദ്ര മോദി അധികാരത്തിൽ നിന്ന് പുറത്തുപോകണം. ഗ്യാനേഷ് കുമാർ രാജിവെക്കും വരെ സമരം തുടരുമെന്നും ഖാർഗെ വ്യക്തമാക്കി.

റാലിയിൽ പ്രതിപക്ഷ നിരയിലെ പ്രധാന നേതാക്കളെല്ലാം ഒറ്റക്കെട്ടായി അണിനിരന്നു. എസ്ഐആർ ക്രമക്കേടുകൾക്കെതിരെ പോരാട്ടം തുടരുമെന്ന് തൃണമൂൽ കോൺഗ്രസ് അധ്യക്ഷ മമത ബാനർജി വ്യക്തമാക്കി. ആർഎസ്എസിൻറെ പിടിയിൽ നിന്ന് രാജ്യത്തെ മോചിപ്പിക്കാനുള്ള 'രണ്ടാം സ്വാതന്ത്ര്യ സമരമാണ്' ഡൽഹിയിൽ നടക്കുന്നതെന്ന് സിപിഎം ജനറൽ സെക്രട്ടറി എം. എ. ബേബി പ്രഖ്യാപിച്ചു. ജനാധിപത്യത്തെയും ഭരണഘടനയെയും സംരക്ഷിക്കാൻ ഏത് അതിക്രമത്തെയും ചെറുക്കുമെന്ന് ഐസ ദേശീയ അധ്യക്ഷ നേഹ ബോറ കൂട്ടിച്ചേർത്തു.

സോണിയ ഗാന്ധി, പ്രിയങ്ക ഗാന്ധി വദ്ര, സമാജ്വാദി പാർട്ടി അധ്യക്ഷൻ അഖിലേഷ് യാദവ്, ആർജെഡി നേതാവ് തേജസ്വി യാദവ് തുടങ്ങിയവരുൾപ്പെടെ പതിനായിരക്കണക്കിന് പ്രവർത്തകരാണ് രാംലീല മൈതാനിയിലെ മഹാറാലിയിൽ തടിച്ചുകൂടിയത്.



കേരളപ്പിറവിയുടെ എഴുപതാം വാർഷികാഘോഷത്തിൻറെ ഭാഗമായി സംഘടിപ്പിച്ച സ്നേഹസംഗമം മുൻ നിയമസഭാ സ്പീക്കർ വി എം സുധീരൻ ഉദ്ഘാടനം ചെയ്യുന്നു.



കേരളപ്പിറവി ദിനത്തിൽ സ്പീക്കർ തിരുവഞ്ചൂർ രാധാകൃഷ്ണൻ ദേശീയ നേതാക്കളുടെ പ്രതിമയിൽ പുഷ്പാർച്ചന നടത്തുന്നു.ഡെപ്യൂട്ടി സ്പീക്കർ ഷാനിമോൻ ഉസ്മാൻ സമീപം

മുൻ സ്പീക്കർമാർക്കും ഡെപ്യൂട്ടി സ്പീക്കർമാർക്കും ആദരമർപ്പിച്ച് നിയമസഭ

*കേരളപ്പിറവിദിനത്തിൽ മുൻ എംഎൽഎമാരുടെ സ്നേഹസംഗമം

കേരളപ്പിറവിയുടെ എഴുപതാം വാർഷികാഘോഷത്തിന്റെ ഭാഗമായി കേരള നിയമസഭയിൽ മുൻ നിയമസഭാംഗങ്ങളുടെയും മുൻ നിയമസഭാ സെക്രട്ടറിമാരുടെയും ജീവനക്കാരുടെയും സ്നേഹസംഗമം സംഘടിപ്പിച്ചു. ആർ ശങ്കരനാരായണൻ തമ്പി മെമ്പേഴ്സ് ലോഞ്ചിൽ നടന്ന സംഗമം മുൻ നിയമസഭാ സ്പീക്കർ വി എം സുധീരൻ ഉദ്ഘാടനം ചെയ്തു. നിയമസഭാ സ്പീക്കർ തിരുവഞ്ചൂർ രാധാകൃഷ്ണൻ അധ്യക്ഷത വഹിച്ചു. ഡെപ്യൂട്ടി സ്പീക്കർ ഷാനിമോൾ ഉസ്മാൻ സ്വാഗതം ആശംസിച്ചു.

നൂറ്റി അമ്പതലധികം മുൻ നിയമസഭാംഗങ്ങൾ പങ്കെടുത്ത സംഗമത്തിൽ കേരള നിയമസഭാ മുൻ സ്പീക്കർമാരായ തേറമ്പിൽ രാമകൃഷ്ണൻ, വി എം സുധീരൻ, എൻ ശക്തൻ, എം വിജയകുമാർ, എം ബി രാജേഷ്, എ എൻ ഷംസീർ തുടങ്ങിയവരെ ആദരിച്ചു. മുൻ ഡെപ്യൂട്ടി സ്പീക്കർമാരായ ഭാർഗവി തങ്കപ്പൻ, ജോസ് ബേബി, പാലോട് രവി, വി ശശി, ചിറ്റയം ഗോപകുമാർ എന്നിവരെയും ആദരിച്ചു. മുൻ നിയമസഭാംഗമായ പാലോളി മുഹമ്മദ് കുട്ടിയെയും മുൻ നിയമസഭാ സെക്രട്ടറി ആർ രാജേന്ദ്ര ബാബുവിനെയും മുതിർന്ന മാധ്യമപ്രവർത്തകനായ സണ്ണി ക്കുട്ടി എബ്രഹാമിനെയും ചടങ്ങിൽ ആദരിച്ചു. ദേശീയ, അന്തർദേശീയ കായിക മത്സരങ്ങളിൽ പങ്കെടുത്ത് മെഡലുകൾ കരസ്ഥമാക്കിയ മുൻ നിയമസഭാംഗം എം ജെ ജേക്കബിനും ചടങ്ങിൽ ആദരമർപ്പിച്ചു.

കേരളത്തിന്റെ നിയമനിർമാണചരിത്രം സൃഷ്ടിച്ചവർ ഒത്തുചേർന്ന സംഗമം ചരിത്രമായിരിക്കുകയാണെന്ന് സ്പീക്കർ തിരുവഞ്ചൂർ രാധാകൃഷ്ണൻ പറഞ്ഞു. കേരളത്തെ മുന്നോട്ട് കൊണ്ടുപോകാൻ തുടർന്നും എല്ലാവരും ഒത്തുചേർന്ന് പ്രവർത്തിക്കണമെന്നും സ്പീക്കർ അധ്യക്ഷപ്രസംഗത്തിൽ പറഞ്ഞു. സ്വതന്ത്രഭാരതത്തിന്റെ ചരിത്രത്തിൽ സുപ്രധാന പങ്ക് വഹിക്കാൻ കേരള നിയമസഭയ്ക്ക് കഴിഞ്ഞിട്ടുണ്ടെന്ന് വി എം സുധീരൻ പറഞ്ഞു. ഒന്നാം കേരള നിയമസഭയിൽ ഒരൊറ്റ ദിവസം പോലും സഭാസ്തംഭനം ഉണ്ടായിട്ടില്ല. കേവലം നാല് തവണ മാത്രമാണ് വാക്കൗട്ട് ഉണ്ടായിട്ടുള്ളത്. സബ്ജക്ട് കമ്മിറ്റി എന്ന ആശയം കേരള നിയമസഭയുടേതാണ്. പിന്നീട് പാർലമെന്റിൽ സ്റ്റാൻഡിംഗ് കമ്മിറ്റികൾ നിലവിൽ വന്നു. ഓരോ ബില്ലും കേരളനിയമസഭ പാസാക്കിയത് വിശദമായ ചർച്ചകൾക്ക് ശേഷമാണ്. ജനങ്ങളുടെ അഭിലാഷങ്ങളും ആവശ്യങ്ങളും പ്രതിഫലിപ്പിക്കുന്ന വേദിയായി പ്രവർത്തിക്കാനും ആദ്യകാല പ്രതാപകാലം തിരിച്ചുപിടിക്കാനും ഇന്ത്യയിലെ ഏറ്റവും മികച്ച നിയമനിർമാണ സഭയായി മാറാനും സ്പീക്കർ തിരുവഞ്ചൂർ രാധാകൃഷ്ണന് കീഴിൽ കേരള നിയമസഭയ്ക്ക് കഴിയുമെന്നും അദ്ദേഹം പറഞ്ഞു. സഭാനടപടികളും ലൈബ്രറി റഫറൻസ് സംവിധാനവും എങ്ങനെ മെച്ചപ്പെടുത്താമെന്നത് സംബന്ധിച്ച് വിശദമായ പഠനം നടത്തണമെന്നും അദ്ദേഹം നിർദേശിച്ചു. സ്പീക്കറും മുൻ സ്പീക്കർമാരും സഭയിലെ അനുഭവങ്ങൾ പങ്കുവച്ചത് കൗതുകമായി.

നിയമസഭാ സെക്രട്ടറി ഇൻ ചാർജ് ഷാജി സി ബേബി നന്ദി രേഖപ്പെടുത്തി. തുടർന്ന് കേരളീയ ഗാനങ്ങൾ കോർത്തിണക്കി നിയമസഭാ ജീവനക്കാർ അവതരിപ്പിച്ച സംഗീതപരിപാടി അരങ്ങേറി. സംഗമത്തിന് മുന്നോടിയായി നിയമസഭാ ജീവനക്കാർ മെഗാ തിരുവാതിര അവതരിപ്പിച്ചു.

വിഴിഞ്ഞത്ത് മദ്യലഹരിയിൽ പൊലിസുകാരൻറെ പരാക്രമം

വിഴിഞ്ഞം: മദ്യപൻമാരെയും മയക്കുമരുന്നു കടത്തുകാരെയും ഒതുക്കാൻ തൂഫാൻ പദ്ധതിയുമായി പൊലിസ് അരിച്ചുപെറുക്കുമ്പോൾ വിഴിഞ്ഞത്ത് മദ്യലഹരിയിൽ പൊലിസുകാരൻറെ പരാക്രമം.

മദ്യപാനത്തിനുശേഷം ബൈക്കിലെത്തി കാർ യാത്രികരെ ആക്രമിച്ച വിഴിഞ്ഞം മറൈൻ എൻഫോഴ്സ്മെൻറിലെ പൊലിസുകാരനായ ടിജു(35)നെ വിഴിഞ്ഞം പൊലിസ് അറസ്റ്റ് ചെയ്ത് റിമാൻഡ് ചെയ്തു. കോവളം-കാരോട് ബൈപ്പാസിൻറെ സർവീസ് റോഡിൽ മുക്കോലയ്ക്കോട് ഭാഗത്തു വെള്ളിയാഴ്ച രാത്രിയിലായിരുന്നു സംഭവം. ടിജുവിൻറെ ഹെൽമറ്റ് കൊണ്ടുള്ള അടിയേറ്റു കാർ ഓടിച്ചിരുന്ന മുക്കോല അഥിതിയിൽ ശന്തനു(36)വിനു പരിക്കേറ്റു.

ഇയാളുടെ ഭാര്യ സ്വാതിയും അഞ്ചു വയസുകാരിയായ മകളും കുഞ്ഞമ്മയായ രാജലക്ഷ്മിയും ഒപ്പമുണ്ടായിരുന്നു. ഇവർ സഞ്ചരിച്ചിരുന്ന കാർ വഴിയിൽ ഓഫായി. സ്റ്റാർട്ട് ചെയ്യാൻ ശ്രമിക്കുന്നതിനിടെ പിന്നാലെയെത്തിയ ടിജുവിൻറെ ബൈക്ക് ശന്തനുവിൻറെ കാറിൽ തട്ടുകയായിരുന്നു. ഇതുകണ്ടു ഡ്രൈവർ സീറ്റിൽനിന്നും പുറത്തിറങ്ങിയ ശന്തനുവിനെ ടിജു ഹെൽമറ്റുകൊണ്ട് അടിച്ചു വീഴ്ത്തിയ ശേഷം ക്രൂരമായി മർദിക്കുകയായിരുന്നുവെന്നു.

സംഭവം കണ്ട് ഓടിക്കൂടിയ നാട്ടുകാർ ടിജുവിനെ തടഞ്ഞുവച്ച ശേഷം പൊലിസിൽ വിവരം അറിയിച്ചു. വിഴിഞ്ഞത്തുനിന്നെത്തിയ പൊലിസ് സംഘം ടിജുവിനെ ജീപ്പിൽ കയറ്റാൻ ശ്രമിച്ചെങ്കിലും ഇയാൾ കൂട്ടാക്കിയില്ല. ഒടുവിൽ പൊലിസും നാട്ടുകാരും ചേർന്നു വളരെ ശ്രമപ്പെട്ടു മൽപ്പിടത്തത്തിലൂടെയാണു ടിജുവിനെ സ്റ്റേഷനിലെത്തിച്ചത്. അക്രമാസക്തനായ ടിജു പൊലിസ് സ്റ്റേഷനെയും മണിക്കൂറുകളോളം വിറപ്പിച്ചു.

ലോക്കപ്പിലടച്ചെങ്കിലും കൂടുതൽ അക്രമാസക്തനായതോടെ പുറത്തിറക്കി വിലങ്ങണിയിക്കുകയായിരുന്നു. ഒടുവിൽ മെഡിക്കൽ പരിശോധനയ്ക്കായി കൊണ്ടുപോകാൻ ശ്രമിച്ചപ്പോൾ ജീപ്പിൽനിന്നും ഇറങ്ങിയേടാനും ശ്രമംനടത്തി.

മദ്യത്തിൻറെ ലഹരിയിറങ്ങുന്നതുവരെ പൊലിസിനു കാത്തിരിക്കേണ്ടിവന്നു. 10 വർഷം മുൻപ് ജോലിയിൽ പ്രവേശിച്ച ടിജു തൃശൂരിൽ നിന്നു മൂന്നര വർഷം മുൻപാണ് ഡെപ്യൂട്ടേഷനിൽ വിഴിഞ്ഞം മറൈൻ എൻഫോഴ്സ്മെൻറിലെത്തിയത്. ഏതു സമയത്തും രക്ഷാപ്രവർത്തനത്തിന് കടലിൽ ഇറങ്ങാൻ ആത്മാർത്ഥത കാണിച്ചിരുന്ന ടിജുവിനെ കുടുംബപ്രശ്നം അലട്ടിയിരുന്നതായി സഹപ്രവർത്തകർ പറയുന്നു. ഇത്തരം പ്രശ്നങ്ങളാകാം മദ്യപാനത്തിനും അക്രമത്തിനും വഴിതെളിച്ചതെന്നും കൂടെയുള്ളവർ കരുതുന്നു.

കോൺഗ്രസ് അനുഭാവിയായ ടിജുവിൻറെ ആക്രമണത്തിനിരയായത് ഇടതുപക്ഷ അനുഭാവിയായതും പ്രശ്നമായി. ആഭ്യന്തര മന്ത്രി രമേശ് ചെന്നിത്തല തൻറെ ആളാണെന്നു പറഞ്ഞ് വിഴിഞ്ഞം സ്റ്റേഷനിലെ പൊലിസുകാർക്കെതിരേ ടിജു അസഭ്യവർഷവും നടത്തി.

അസം ഖാന് 14 ദിവസത്തെ ജുഡീഷ്യൽ കസ്റ്റഡി; ജയിലിൽ നിന്ന് ഇറങ്ങിയതിന് തൊട്ടുപിന്നാലെ വീണ്ടും അറസ്റ്റിൽ

ന്യൂഡൽഹി: സമാജ്വാദി പാർട്ടി മുതിർന്ന നേതാവും മുൻ ഉത്തർപ്രദേശ് മന്ത്രിയുമായ മുഹമ്മദ് അസം ഖാനെ കള്ളപ്പണം വെളുപ്പിക്കൽ കേസിൽ 14 ദിവസത്തെ ജുഡീഷ്യൽ കസ്റ്റഡിയിൽ വിട്ടു. വ്യാജ പാൻകാർഡ് കേസിൽ അലഹബാദ് ഹൈക്കോടതി ശിക്ഷ മരവിപ്പിച്ച് ജാമ്യം അനുവദിച്ചതിനെ തുടർന്ന് ജയിലിൽ നിന്ന് പുറത്തിറങ്ങിയതിന് തൊട്ടുപിന്നാലെയാണ് എൻഫോഴ്സ്മെൻറ് ഡയറക്ടറേറ്റ് അദ്ദേഹത്തെ വീണ്ടും അറസ്റ്റ് ചെയ്തത്. ഗാസിയാബാദിലെ ദാസ്ന ജയിലിലേക്ക് അദ്ദേഹത്തെ മാറ്റും.

റാംപൂർ മുഹമ്മദ് അലി ജൗഹർ സർവകലാശാലയുമായി ബന്ധപ്പെട്ട കള്ളപ്പണം വെളുപ്പിക്കൽ കേസിലാണ് ഇഡി നടപടി. ഗാസിയാബാദിലെ പ്രത്യേക പിഎംഎൽഎ കോടതിയാണ് അസം ഖാനെ 14 ദിവസത്തെ ജുഡീഷ്യൽ കസ്റ്റഡിയിൽ വിട്ടത്. ജൗഹർ സർവകലാശാലയുടെ നിർമാണത്തിനും ഫണ്ടിംഗിനും പൊതുമരാമത്ത് വികസന ഫണ്ടുകൾ അനധികൃതമായി വകമാറ്റി മാറ്റിയെന്നും, കർഷകരുടെ ഭൂമിയും ശത്രുസ്വത്തുക്കളും അനധികൃതമായി പിടിച്ചെടുത്തെന്നുമാണ് ഇഡി കണ്ടെത്തിയത്.

കേസിൻറെ ഭാഗമായി 426.46 കോടി രൂപ മൂല്യമുള്ള (നിലവിലെ വിപണി മൂല്യം ഏകദേശം 1,170 കോടി രൂപ) സ്ഥലവും കെട്ടിടങ്ങളും ഇഡി കണ്ടുകെട്ടിയിട്ടുണ്ട്. 78-കാരനായ അസം ഖാൻറെ ആരോഗ്യസ്ഥിതി കണക്കിലെടുത്ത് ജയിലിൽ കൃത്യമായ വൈദ്യസഹായം ഉറപ്പാക്കാൻ കോടതി ഉത്തരവിട്ടിട്ടുണ്ട്. രാഷ്ട്രീയ ഗൂഢാലോചനയുടെ ഭാഗമായാണ് അറസ്റ്റ് എന്ന് അസം ഖാൻറെ അഭിഭാഷകർ ആരോപിച്ചപ്പോൾ, ചോദ്യം ചെയ്യലിൽ നിന്ന് അദ്ദേഹം വിവരങ്ങൾ മറച്ചുവെക്കുകയാണെന്ന് ഇഡി കോടതിയെ അറിയിച്ചു.

കൈക്കൂലി കേസ്; മുൻ ഡെപ്യൂട്ടി തഹസിൽദാർക്ക് എട്ട് വർഷം തടവ് ശിക്ഷ

കൊല്ലം: കൈക്കൂലിക്കേസിൽ കുന്നത്തൂർ താലൂക്ക് ഓഫീസിലെ മുൻ ഡെപ്യൂട്ടി തഹസിൽദാർക്ക് എട്ട് വർഷം തടവ് ശിക്ഷ വിധിച്ച് കോടതി. കൊല്ലം വിജിലൻസ് കോടതിയാണ് ശിക്ഷ വിധിച്ചത്. വടക്കും തല സ്വദേശി ബാബുവിനാണ് കോടതി ശിക്ഷ വിധിച്ചത്.

ഔദ്യോഗിക പദവി ദുരുപയോഗപ്പെടുത്തി 3000 രൂപ കൈക്കൂലിയായി കൈപ്പറ്റി എന്നാണ് ഇയാൾക്കെതിരെ തെളിഞ്ഞ കുറ്റം. 2014 ലാണ് കേസിനാസ്പതമായ സംഭവം. കൈക്കൂലി വാങ്ങിയശേഷം പരാതിക്കാരന് അനധികൃതമായി ചെങ്കല്ല് വെട്ടാൻ ഒത്താശ ചെയ്തുകൊടുത്തെന്നാണ് ഇയാൾക്കെതിരായ കണ്ടെത്തൽ.

എന്നാൽ അടുത്ത ഗഡു കൈക്കൂലി നൽകാത്തതിനെ തുടർന്ന് കല്ലുവെട്ടിക്കൊണ്ടിരിക്കെ കല്ല് വെട്ട് യന്ത്രം പിടിച്ചെടുത്ത് കുന്നത്തൂർ താലൂക്ക് ഓഫീസിൽ സൂക്ഷിക്കുകയായിരുന്നു. തുടർന്ന് മെഷീൻ വിട്ടുകൊടുക്കുന്നതിന് മൈനിംഗ് ആൻറ് ജിയോളജിക്കലിന് റിപ്പോർട്ട് കൊടുക്കുന്നതിന് കുന്നത്തൂർ താലൂക്ക് ഓഫിസിൽവച്ച് വീണ്ടും 2000 രൂപ ഇയാൾ കൈക്കൂലി ചോദിച്ച് വാങ്ങുകയായിരുന്നു.

കൂടാതെ ജിയോളജിക്കൽ ഡിപ്പാർട്ട്മെൻറിൽ ഫൈൻ അടച്ചശേഷം കല്ല് വെട്ട് യന്ത്രം വിട്ടുനൽകുന്നതിനുള്ള അവസാന ഗഡുവായ 5000 രൂപയും ഡെപ്യൂട്ടി തഹസിൽദാർ കൈക്കൂലിയായി കൈപ്പറ്റുകയായിരുന്നു. ഇവിടെ വെച്ചാണ് ബാബുവിനെ വിജിലൻസ് പിടികൂടുന്നത്.

തടവ് കൂടാതെ ഒരു ലക്ഷം രൂപ പിഴ ഒടുക്കാനും കോടതി ഉത്തരവായിട്ടുണ്ട് കൊല്ലം വിജിലൻസ് കോടതി ജഡ്ജ് ഡോ മോഹിത് സി എസ് ആണ് വിധി പുറപ്പെടുവിച്ചത്. വിജിലൻസിനു വേണ്ടി പബ്ലിക് പ്രോസിക്യൂട്ടർമാരായ പി എസ് ദിവ്യ, സിജു രാജൻ എന്നിവർ ഹാജരായി.

കൊല്ലം വിജിലൻസ് യൂണിറ്റിലെ മുൻ ഡെപ്യൂട്ടി പൊലിസ് സൂപ്രണ്ട് റെക്സ് ബോബി അരവിനാണ് കേസിൽ എഫ്ഐആർ രജിസ്റ്റർ ചെയ്ത് അന്വേഷണം നടത്തിയത്. തുടർന്ന് ഡിവൈഎസ്പി ആർ ജയശങ്കർ തുടർ അന്വേഷണം നടത്തി. പിന്നാലെ ഡിവൈഎസ്പി കെ. അശോക് കുമാറാണ് കേസിൻറെ അന്വേഷണം പൂർത്തീകരിച്ച് കുറ്റപത്രം സമർപ്പിച്ചത്.

ടാറിംഗ്: രാത്രികാല ഗതാഗത ക്രമീകരണങ്ങൾ ഏർപ്പെടുത്തി

തിരുവല്ലം: മേൽപാല നിർമാണവുമായി ബന്ധപ്പെട്ട് ഈഞ്ചക്കൽ സർവീസ് റോഡിൽ ടാറിംഗ് ജോലികൾ നടക്കുന്നതിനാൽ ചാക്ക-തിരുവല്ലം റോഡിൽ ഇന്നു രാത്രി ഒൻപതു മുതൽ മൂന്നിനു രാവിലെ ആറുവരെ ഗതാഗത ക്രമീകരണങ്ങൾ ഏർപ്പെടുത്തി.

ഇന്നു രാത്രി ഒൻപതു മുതൽ രാവിലെ ആറുവരെ ചാക്ക ഭാഗത്തുനിന്നും ഈഞ്ചക്കൽ ഭാഗത്തേയ്ക്കു വാഹനങ്ങൾ പോകാൻ അനുവദിക്കില്ല. കോവളം ഭാഗത്തേയ്ക്കു പോകുന്ന വാഹനങ്ങൾ ചാക്ക സർവീസ് റോഡു വഴി പേട്ട-പാറ്റൂർ - ആശാൻ സ്കയർ-പാളയം -സ്റ്റാച്യൂ-അട്ടക്കുളങ്ങര-മണക്കാട്-തിരുവല്ലം വഴി പോകേണ്ടതാണ്.

നാളെ രാത്രി ഒൻപതു മുതൽ രാവിലെ ആറുവരെ തിരുവല്ലം ഭാഗത്തുനിന്നും ഈഞ്ചക്കൽ ഭാഗത്തേയ്ക്കു വാഹനങ്ങൾ പോകാൻ അനുവദിക്കില്ല.

കഴക്കൂട്ടം ഭാഗത്തേയ്ക്ക് പോകുന്ന വാഹനങ്ങൾ തിരുവല്ലം-അമ്പലത്തറ-അട്ടക്കുളങ്ങര-സ്റ്റാച്യൂ-വിജെടി-പാറ്റൂർ-ചാക്ക വഴി ബൈപ്പാസ് റോഡിലെത്തി പോകേണ്ടതാണ്.



കേരളപ്പിറവി ദിനത്തിൽ നിയമസഭാ ലൈബ്രറിയുടെ പുസ്തകപ്രദർശനം സ്പീക്കർ തിരുവഞ്ചൂർ രാധാകൃഷ്ണൻ ഉദ്ഘാടനം ചെയ്യുന്നു.

Edited, Printed, Published & owned by Yesudas William,`Darpan', T.C 76/189 (1), Thoppil Lane, Anayara P.O, Thiruvananthapuram-29. Printed at Prabhatha Vartha Printers, TC. 21/1921, ERA-S-35, Elankam Lane, Nedumcadu. Karamana P.O,Tvpm-695002. e-mail: nauticaltimeskerala@gmail.com, Phone: 0471-2742840, 9446345353.

സമുദ്രജീവികളിൽനിന്നും ഓർത്തോപീഡിക് ചികിത്സക്ക് ജൈവപശ കണ്ടെത്തി

പഠനറിപ്പോർട്ട് അവതരിപ്പിച്ച് നാഷണൽ കോളേജ് വിദ്യാർത്ഥികൾ

ഇൻറർനാഷണൽ സ് പോർട്സ് സർജറി കോൺ ക്ലേവ് 2026 ൽ മറൈൻ ജൈവ ഗവേഷണത്തിൽ അനന്ത സാധ്യതകൾ തുറന്നുകാണിച്ചു കൊണ്ട് സിന്തറ്റിക് ഗ്ലൂവിനുപകരം പാർശ്വഫലങ്ങളില്ലെതെ

അസ്തി സംബന്ധമായ സർജറിക്ക് ഉപയോഗിക്കാവുന്ന മറൈൻ ജൈവ ഓർത്തോ ഗ്ലൂവിൻറെ അനന്ത സാധ്യതകൾ കണ്ടെത്തിക്കൊണ്ടുള്ള പഠനറിപ്പോർട് നാഷണൽ കോളേജ് ബിയോകെമസ്ട്രി

വിഭാഗം അസിസ്റ്റൻറ് പ്രൊഫസർ ഡോ. നവീൻ കെ. എൽ, റിസർച്ച് വിദ്യാർത്ഥിനികളായ ശ്രീദേവി.

പി'ജി, റോഷ്മി രാജേഷ്, ദർശിനി. എസ്, ആമിന. എം എന്നിവർ സമർപ്പിച്ചു.

അസ്ഥികളുടെ ഒടിവുകൾ സുഖപ്പെടുത്തുന്നതിനും കേടുപാടുകൾ സംഭവിച്ച കലകളെ പുനഃസ്ഥാപിക്കുന്നതിനും ബയോമെറ്റീരിയലുകളും ജൈവാധിഷ്ഠിത പശകളും (Biobased Adhesives) ഓർത്തോപീഡിക്സ് മേഖലയിൽ പ്രധാന പങ്കു വഹിക്കുന്നു. സ്വാഭാവികമായും കൃത്രിമമായും നിർമ്മിക്കുന്ന ഇത്തരം പശകൾ ശരീരത്തിലെ ജൈവകലകളുമായി ചേർന്ന് പ്രവർത്തിക്കുകയും പരിക്കേറ്റ ഭാഗങ്ങൾക്ക് ആവശ്യമായ സ്ഥിരത നൽകുകയും ചെയ്യുന്നു. ജൈവപൊരുത്തക്ഷമത (ആശീരീുമശേയശഹശ്യേ), ജൈവവിഘടനക്ഷമത (Biodegradability), കുറഞ്ഞ വിഷാംശം എന്നിവയാണ് ഇവയുടെ പ്രധാന സവിശേഷതകൾ. അസ്ഥികളുടെ ഒടിവുകൾ നേരിട്ടും പരോക്ഷമായും സുഖപ്പെടുന്ന പ്രക്രിയകളെക്കുറിച്ചുള്ള അറിവ് നൂതനമായ പശസാങ്കേതികവിദ്യകളുടെ വികസനത്തിന് സഹായകമായിട്ടുണ്ട്.

സമുദ്രജീവികളിൽനിന്ന് ലഭിക്കുന്ന ജൈവപശകൾ, പ്രത്യേകിച്ച് കടൽച്ചിപ്പികളിൽനിന്ന് ഉത്പാദിപ്പിക്കുന്ന മസൽ ഫൂട്ട് പ്രോട്ടീനുകൾ (Mussel Foot Proteins - MFP), ഈർപ്പമുള്ള പ്രതലങ്ങളിൽപ്പോലും ശക്തമായ ഒട്ടിപ്പിടിത്തം നൽകുന്നു. ടൈറോസിനിൽനിന്ന് ഉത്പാദിപ്പിക്കുന്ന 3,4-ഡൈഹൈഡ്രോക് സിഫെനിലാലനൈൻ (DOPA) എന്ന ഘടകമാണ് ഈ പശകളുടെ ഒട്ടിപ്പിടിക്കുന്ന കഴിവിൽ പ്രധാന പങ്കുവഹിക്കുന്നത്. ഫൈബ്രിൻ, ജെലാറ്റിൻ, കൊളാജൻ എന്നിവയെ അടിസ്ഥാനമാക്കിയുള്ള ജൈവപശകളും വൈദ്യശാസ്ത്രത്തിൽ പ്രാധാന്യമർഹിക്കുന്നു. ഓർത്തോപീഡിക്സ് ചികിത്സയ്ക്കു പുറമേ, മരുന്നുകൾ ശരീരത്തിലെ നിർദിഷ്ട ഭാഗങ്ങളിൽ എത്തിക്കുന്നതിനുള്ള സംവിധാനങ്ങളിലും ഇവ പ്രയോജനപ്പെടുത്താം. അതിനാൽ, അസ്ഥികളുടെ ഒടിവുകൾ സുഖപ്പെടുത്തുന്നതിനും ജൈവകലകളുടെ പുനരുദ്ധാരണത്തിനും സഹായിക്കുന്ന സുരക്ഷിതവും ഫലപ്രദവുമായ ഒരു സാങ്കേതികവിദ്യയായി ജൈവാധിഷ്ഠിത പശകൾ വികസിച്ചുവരുന്നു.

മേൽ പഠനറിപ്പോർട്ടി മേൽ നാഷണൽ കോളേജിലെ ബിയോകെമസ്ട്രി പഠനവിഭാഗം തുടർപഠനം നടത്തിവരുന്നതായി നാഷണൽ കോളേജ് പ്രിൻസിപ്പാൾ ഡോ. എസ്. എ. ഷാജഹാനും റിസർച്ച് ഗൈഡ് ഡോ. നവീൻ. കെ. എൽ ഉം അറിയിച്ചു.

ധ്രുവസമുദ്രങ്ങളിലെ മൈക്രോപ്ലാസ്റ്റിക് മലിനീകരണം: അന്താരാഷ്ട്ര സിമ്പോസിയത്തിൽ ഗവേഷണ പ്രബന്ധം അവതരിപ്പിച്ച് കുഫോസ് അധ്യാപിക

ധ്രുവസമുദ്രങ്ങളിലെ മൈക്രോപ്ലാസ്റ്റിക് മലിനീകരണത്തെക്കുറിച്ചുള്ള ഗവേഷണം അന്താരാഷ്ട്ര വേദിയിൽ അവതരിപ്പിച്ച് കേരള ഫിഷറീസ് സമുദ്രപഠന സർവകലാശാലയിലെ (കുഫോസ്) അധ്യാപികയും ഗവേഷകയുമായ പ്രൊഫസർ ഡോ. അനു ഗോപിനാഥ്. ഐസ്ലൻഡിലെ റെയ്ക്യാവിക്കിൽ ഒക്ടോബർ 20 മുതൽ 22 വരെ നടന്ന അറ്റ്ലാന്റിക് പ്ലാസ്റ്റിക്സ് 2026 അന്താരാഷ്ട്ര സിമ്പോസിയത്തിലാണ് ഗവേഷണപ്രബന്ധം അവതരിപ്പിച്ചത്.

ദക്ഷിണ സമുദ്രത്തിലെയും ആർട്ടിക് മേഖലയിലെയും മൈക്രോപ്ലാസ്റ്റിക്കുകളുടെ വിതരണം, സവിശേഷതകൾ, അവയുടെ സഞ്ചാരപാതകൾ എന്നിവ താരതമ്യപഠനത്തിലൂടെ വിലയിരുത്തുന്നതാണ് ഗവേഷണം. ധ്രുവസമുദ്ര പരിസ്ഥിതികളിലെ പ്ലാസ്റ്റിക് മലിനീകരണത്തിന്റെ വ്യാപ്തിയും വ്യാപനരീതികളും മനസ്സിലാക്കാൻ പഠനം സഹായകമാണ്.

ഐസ്ലൻഡ് സർക്കാരിന്റെ ആതിഥേയത്വത്തിൽ നടന്ന സിമ്പോസിയത്തിൽ സമുദ്രത്തിലെ പ്ലാസ്റ്റിക് മലിനീകരണം, പരിസ്ഥിതി സംരക്ഷണം, ശാസ്ത്രീയ ഗവേഷണം, അന്താരാഷ്ട്ര സഹകരണം എന്നിവ ചർച്ചയായി. ഐസ്ലാൻഡിക് ആർട്ടിക് കോ-ഓർഡിനേഷൻ നെറ്റ്വർക്ക്, യുനെസ്കോ, ആർട്ടിക് സമുദ്ര പരിസ്ഥിതി സംരക്ഷണ സമിതി (ജഅങട്ട), സമുദ്രപര്യവേക്ഷണത്തിനായുള്ള അന്താരാഷ്ട്ര സമിതി തുടങ്ങിയവരാണ് സംഘാടകർ.

മൂന്ന് ആർട്ടിക് പര്യവേഷണങ്ങളിൽ പങ്കെടുത്തിട്ടുള്ള ഡോ. അനു ഗോപിനാഥ്, നാഷണൽ സെന്റർ ഫോർ പോളാർ ആൻഡ് ഓഷ്യൻ റിസർച്ചുമായി സഹകരിച്ചാണ് ധ്രുവമേഖലകളിലെ ഗവേഷണം തുടരുന്നത്. കേന്ദ്ര ഭൗമശാസ്ത്ര മന്ത്രാലയത്തിന്റെ സാമ്പത്തിക പിന്തുണയോടെയാണ് ഗവേഷണപ്രവർത്തനങ്ങൾ നടത്തുന്നത്.

ധ്രുവസമുദ്രങ്ങളിലെ മൈക്രോപ്ലാസ്റ്റിക്കുകളുടെ സാന്നിധ്യവും സഞ്ചാരപാതകളും സംബന്ധിച്ച പഠനങ്ങൾ സമുദ്ര ആവാസവ്യവസ്ഥയുടെ സംരക്ഷണത്തിനും പ്ലാസ്റ്റിക് മലിനീകരണം നിയന്ത്രിക്കുന്നതിനുള്ള ശാസ്ത്രീയ നടപടികൾക്ക് വഴിയൊരുക്കുന്നതിനും പ്രാധാന്യമർഹിക്കുന്നു.

കുഫോസിൽ ടെക്നിക്കൽ പ്രോഗ്രാമർ അപേക്ഷ തീയതി നവംബർ 5 വരെ നീട്ടി

കേരള ഫിഷറീസ് സമുദ്രപഠന സർവകലാ ശാലയിൽ MOOC പ്ലാൻ പ്രോജെക്ടിൽ ടെക്നിക്കൽ പ്രോഗ്രാമർ അപേക്ഷ തീയതി നവംബർ 5 വരെ നീട്ടി.

യോഗ്യത: കമ്പ്യൂട്ടർ സയൻസ്, ഇൻഫർമേഷൻ ടെക്നോളജി, ഇലക്ട്രോണിക്സ് ആൻഡ് കമ്മ്യൂണിക്കേഷൻ എഞ്ചിനീയറിംഗ്, ഇലക്ട്രിക്കൽ ആൻഡ് ഇലക്ട്രോണിക്സ് എഞ്ചിനീയറിംഗ് ഇവയിൽ ഏതെങ്കിലും വിഷയത്തിൽ ഏതെങ്കിലും അംഗീകൃത സർവകലാശാലയിൽ നിന്നുള്ള ബിടെക് ബിരുദം അല്ലെങ്കിൽ കമ്പ്യൂട്ടർ അപ്ലിക്കേഷനിൽ ഏതെങ്കിലും അംഗീകൃത സർവകലാശാലയിൽ നിന്നുള്ള ബിരുദാനന്തര ബിരുദം. കൂടാതെ ഡാറ്റാ പ്രോസസ്സിംഗ്, ഓഫീസ് ഓട്ടോമാഷൻ ടൂൾസ്, സോഫ്റ്റ്വെയർ ഹാൻഡ്ലിംഗ് / ഡെവലപ്പ്മെന്റ്, HTML, വെബ് ഡിസൈനിങ് എന്നിവയിലോ ബന്ധപ്പെട്ട മേഖലയിലോ കുറഞ്ഞത് ഒരു വർഷത്തെ പ്രവൃത്തി പരിചയം.

വീഡിയോ എഡിറ്റിങ്, മൾട്ടി- മീഡിയ കണ്ടന്റ് ക്രീയേഷൻ, ഇൻസ്ട്രക്ഷണൽ മീഡിയ പ്രൊഡക്ഷൻ, വെബ്സൈറ്റ് മാനേജ്മെന്റ്, ഡിജിറ്റൽ കണ്ടന്റ് ഡെവലപ്പ്മെന്റ്, MOODLE പോലെയുള്ള പഠന സാങ്കേതിക സംവിധാനങ്ങളുടെ (LMS) അഡ്മിനിസ്ട്രേഷൻ &മാനേജ്മെന്റ്, ഇ ലേണിംഗ് പ്ലാറ്റ് ഫോമുകളുടെ ഡെവലപ്പ്മെന്റ് &മാനേജ്മെന്റ് എന്നിവയിൽ നൈപ്പുണ്യം ഉള്ളവർക്ക് മുൻഗണന.

താല്പര്യമുള്ള ഉദ്യോഗാർഥികൾ കുഫോസ് വെബ്സൈറ്റിൽ പ്രസിദ്ധീകരിച്ചിട്ടുള്ള പൂരിപ്പിച്ച അപേക്ഷ ഫോമിനൊപ്പം ബയോഡാറ്റയും, യോഗ്യത തെളിയിക്കുന്ന സർട്ടിഫിക്കറ്റുകളും മാർക്ക് ലിസ്റ്റും അപേക്ഷ ഫീസ് അടച്ചതിന്റെ രസീതും അടങ്ങുന്ന അപേക്ഷ നവംബർ 5ന് വൈകുന്നേരം 4.30 ന് മുൻപായി ദി രജിസ്ട്രാർ, കേരള യൂണിവേഴ്സിറ്റി ഓഫ് ഫിഷറീസ് ആൻഡ് ഓഷ്യൻ സ്റ്റഡീസ്, പനങ്ങാട് പി ഒ, മാടവന, കൊച്ചി- 682506 എന്ന വിലാസത്തിൽ അയക്കുക. വിശദ വിവരങ്ങൾക്ക് kufos. ac. in സന്ദർശിക്കുക

മുൻമന്ത്രിയും ഗൺമാനും പ്രശ്നം പെരുപ്പിച്ച് കാണിച്ചു, വീണയെ കെഎസ് യുക്കാർ ആക്രമിച്ചിട്ടില്ലെന്ന് എസ്ഐടി റിപ്പോർട്ട്

തിരുവനന്തപുരം: കണ്ണൂർ റെയിൽവേ സ്റ്റേഷനിൽവച്ച് മുൻ ആരോഗ്യമന്ത്രി വീണാ ജോർജിനെ കെഎസ്യു പ്രവർത്തകർ ആക്രമിച്ചെന്ന കേസിൽ പ്രത്യേക അന്വേഷണ സംഘം ഡിജിപിക്ക് റിപ്പോർട്ട് നല്കി.

വീണാ ജോർജിനെ കെഎസ്യു പ്രവർത്തകർ ആക്രമിച്ചിട്ടില്ലെന്നും മന്ത്രിയുടെ അടുത്തെത്താൻ പോലും കഴിഞ്ഞില്ലെന്നും വ്യക്തമാക്കുന്നതാണ് റിപ്പോർട്ട്. പൊലിസും പ്രവർത്തകരുമായി ഉന്തും തള്ളുമുണ്ടായി. ഇതിനിടയിൽപ്പെട്ടതിനാലാണ് വീണാജോർജിന് കഴുത്തുവേദന ഉണ്ടായത്. മുൻമന്ത്രിയും ഗൺമാനും പ്രശ്നം പെരുപ്പിച്ച് കാണിച്ചുവെന്നും പുറത്ത് പരിക്കില്ലെന്നാണ് ഡോക്ടർമാരുടെ റിപ്പോർട്ടെന്നും പ്രത്യേക അന്വേഷണ സംഘം വ്യക്തമാക്കി. നേരത്തെ കേസിൽ എസ്ഐ ദീപ്തി മൊഴിമാറ്റിയിരുന്നു. തൻറെ പേരിൽ കള്ളമൊഴി എഴുതിച്ചേർത്തുവെന്നും സുരക്ഷാ ചുമതലയുണ്ടായിരുന്ന ദീപ്തി എസ്ഐടിക്ക് മൊഴി നൽകി. വീണാ ജോർജിനെ പ്രതിരോധത്തിലാക്കി ഗൺമാൻ അഭിലാഷിൻറെ മൊഴിയും പുറത്തുവന്നിരുന്നു.

മരിയൻ എൻജിനിയറിംഗ് കോളജും ഐഐടി പാലക്കാടും ധാരണപത്രം ഒപ്പുവച്ചു

തിരുവനന്തപുരം: കഴക്കൂട്ടം മരിയൻ എൻജിനിയറിംഗ് കോളജും പാലക്കാട് ഐഐടിയുമായി എംഒയു ഒപ്പുവച്ചു. മരിയൻ എൻജിനിയറിംഗ് കോളജിലെ ഇന്നവേഷൻ ആൻഡ് എൻറപ്രണർഷിപ്പ് ഡെവലപ്മെൻറ് സെൻററും ഐഐടി പാലക്കാട് ഇന്നവേഷൻ സെൻററായ ടെക്കിനും തമ്മിൽ ഒപ്പിട്ട ധാരണ പ്രകാരം പ്രഫഷണൽ കോളജുകളിലെ വിദ്യാർഥികൾക്കു പുതിയ കണ്ടുപിടുത്തങ്ങൾ നടത്തുന്നതിനും അവയെ ഒരു സംരംഭമായി വളർത്തുന്നതിനും സംയുക്തമായി പ്രവർത്തിക്കും.

തിരുവനന്തപുരത്ത് നടന്ന ഐഐടി പാലക്കാടിലെ ഇന്നവേഷൻ സബ്മിറ്റ് ആയ സമഗ്ര 2.0യിൽവച്ചു നടന്ന ചടങ്ങിൽ ഐഐടിയിലെ ഇന്നവേഷൻ ഹെഡ് ആയ ഡോ. വിവേക് ചതുർവേദി (സിഇഒ-ടെക്കിൻ) ഡോ. മിഥു ഉണ്ണിത്താൻ (സിഒഒ) മരിയൻ എൻജിനിയറിംഗ് കോളജ് എക്സിക്യൂട്ടീവ് ഡയറക്ടർ ഡോ. സാംസങ്, പ്രിൻസിപ്പൽ ഡോ. അജിത് പ്രഭു, ഡീൻ ഡോ. എം. മനോജ്, ഐഐടി ഡയറക്ടർ പ്രഫ. ഡോ. ശേഷാദ്രി ശേഖർ എന്നിവർ പങ്കെടുത്തു.

പോക്സോകേസ് പ്രതിയായ ഡ്രൈവർക്ക് 30 വർഷം കഠിനതടവ്

നെയ്യാറ്റിൻകര: സ്കൂൾ വിദ്യാർഥിനിയെ ലൈംഗികമായി പീഡിപ്പിച്ച കേസിൽ ഓട്ടോറിക്ഷാ ഡ്രൈവർക്ക് വിവിധ വകുപ്പുകളിലായി 30 വർഷം കഠിന തടവും ഒന്നര ലക്ഷം രൂപ പിഴയും ശിക്ഷ വിധിച്ചു. നെയ്യാറ്റിൻകര കാരോട് സ്വദേശി വിദ്യാധരൻനായരെ (47) യാണ് നെയ്യാറ്റിൻകര അതിവേഗ പോക്സോ കോടതി ഒന്ന് ജഡ്ജി കെ. എം. സുജ ശിക്ഷ വിധിച്ചത്. പിഴ ഒടുക്കിയില്ലെങ്കിൽ മൂന്നു വർഷവും ആറു മാസവും അധിക ശിക്ഷ അനുഭവിക്കണം.

പ്രോസിക്യൂഷനു വേണ്ടി സ്പെഷ്യൽ പബ്ലിക് പ്രോസിക്യൂട്ടർ പൂവച്ചൽ എഫ്. വിനോദ്, അഡ്വ. വി. ആർ, മായാദേവി എന്നിവർ ഹാജരായി. പാറശാല സിഐ ആയിരുന്ന ജെ. സന്തോഷ് കുമാറാണ് കേസ് അന്വേഷിച്ച് പ്രതിക്കെതിരെ ചാർജ് ഷീറ്റ് കോടതിയിൽ സമർപ്പിച്ചത്.

കുഫോസിൽ 6 സ്റ്റാറ്റ്യൂട്ടറി തസ്തികകളിലേക്ക് നവം. 30 വരെ അപേക്ഷിക്കാം

കേരള ഫിഷറീസ് സമുദ്രപഠന സർവകലാശാലയിൽ (കുഫോസ്) രജിസ്ട്രാർ ഉൾപ്പെടെ ആറ് സ്റ്റാറ്റ്യൂട്ടറി തസ്തികകളിലേക്ക് നവംബർ 30ന് വൈകിട്ട് അഞ്ചു വരെ അപേക്ഷിക്കാം. രജിസ്ട്രാർ, ഡയറക്ടർ ഓഫ് റിസർച്ച്, ഡയറക്ടർ ഓഫ് എക്സ്റ്റൻഷൻ, ഡീൻ ഫാക്കൽറ്റി ഓഫ് ഫിഷറീസ് സയൻസ്, ഡീൻ ഫാക്കൽറ്റി ഓഫ് ഫിഷറീസ് എൻജിനീയറിങ്, ഡീൻ ഫാക്കൽറ്റി ഓഫ് ഫിഷറീസ് മാനേജ്മെന്റ് എന്നീ തസ്തികകളിലാണ് നിയമനം.

ഓൺലൈനായി അപേക്ഷാ ഫീസ് അടച്ചതിന്റെ രസീത്, പൂരിപ്പിച്ച അപേക്ഷാഫോം, അനുബന്ധ രേഖകൾ എന്നിവ നിശ്ചിത തീയതിക്കകം രജിസ്ട്രാർ, കേരള യൂണിവേഴ്സിറ്റി ഓഫ് ഫിഷറീസ് ആൻഡ് ഓഷ്യൻ സ്റ്റഡീസ്, പനങ്ങാട് പി. ഒ. , മാടവന, കൊച്ചി 682506 എന്ന വിലാസത്തിൽ ലഭിക്കണം. വിശദവിവരങ്ങൾക്കv kufos. മര. ശി സന്ദർശിക്കുക.

ബാധ ഒഴിപ്പിക്കാനെത്തി വീട്ടമ്മയെ പീഡിപ്പിച്ച പൂജാരിക്ക് ഏഴു വർഷം കഠിനതടവും പിഴയും

തിരുവനന്തപുരം: ഭർത്താവിൻറെ ബാധ ഒഴിപ്പിക്കാനെന്ന വ്യാജേന വീട്ടമ്മയെ ക്രൂരമായി പീഡിപ്പിച്ച പൂജാരിക്ക് ഏഴു വർഷം കഠിനതടവും അരലക്ഷം രൂപ പിഴയും വിധിച്ചു. പട്ടികജാതി-പട്ടികവർഗ പീഡന നിരോധന പ്രത്യേക കോടതി ജഡ്ജി എ. ഷാജഹാനാണ് ശിക്ഷ വിധിച്ചത്. പിഴയൊടുക്കിയില്ലെങ്കിൽ പ്രതി ഒരു വർഷം അധിക തടവ് അനുഭവിക്കണം.

ആലപ്പുഴ ഏഴുപുന്ന പുതുകുളങ്ങര ദുർഗാദേവി ക്ഷേത്രത്തിനു സമീപത്തു നിന്നും ഇടവ വെൺകുളം മേക്കുളം വൈകുണ്ഠം വീട്ടിൽ താമസിക്കുന്ന രാജേഷിനെയാണു കോടതി ശിക്ഷിച്ചത്. 2016 ഏപ്രിലിൽ ആയിരുന്നു കേസിനാസ്പദമായ സംഭവം നടന്നത്.

ഭർത്താവിനെ ബാധിച്ച ദുഷ്ടശക്തികളെ ഒഴിപ്പിക്കാൻ പ്രത്യേക പൂജകൾ നടത്തണമെന്നു വിശ്വസിപ്പിച്ചു വീട്ടമ്മയെ ക്ഷേത്രത്തിലേക്ക് വിളിച്ചുവരുത്തുകയും സ്റ്റോർ റൂമിൽ എത്തിച്ചു പീഡിപ്പിക്കുകയായിരുന്നുവെന്നാണ് പ്രോസിക്യൂഷൻ കേസ്. രണ്ടാഴ്ചയോളം പല ദിവസങ്ങളിലായി പീഡനം തുടർന്നതായും അന്വേഷണത്തിൽ കണ്ടെത്തി.

അലീഷ്യമോൾക്കു ഗ്രാമഫോൺ ഗ്രൂപ്പിന്റെ അഭിനന്ദനങ്ങൾ

നീണ്ടകര അലീന ഡെയിലിൽ ആന്റണിയുടെയും (കൊല്ലം വിമലഹൃദയ സ്കൂളിലെ റിട്ട. ഹയർ സെക്കണ്ടറി അധ്യാപകൻ) ജസ്പിന്റെയും (ശക്തികുളങ്ങര പൂക്കാടൻ ജോസഫിന്റെ മകൾ) മകൾ അലീഷ്യ ആന്റണി കേരള യൂണിവേഴ്സിറ്റിയുടെ "MA ENGLISH LITERATURE" പരീക്ഷയിൽ കൊല്ലം എസ്. എൻ. കോളേജിൽ നിന്നും രണ്ടാം റാങ്കോടെ വിജയിച്ചിരിക്കുന്നു.

എൻഎസ്എസ് പതാകദിനം ആചരിച്ചു

നെയ്യാറ്റിൻകര: താലൂക്ക് എൻഎസ്എസ് കരയോഗ യൂണിയൻറെ ആഭിമുഖ്യത്തിൽ നായർ സർവീസ് സൊസൈറ്റിയുടെ 112-മത് പതാക ദിനം ആചരിച്ചു. യൂണിയൻ ആസ്ഥാനത്തു നടന്ന ചടങ്ങിൽ ചെയർമാൻ എൻ. ഹരിഹരൻ പതാക ഉയർത്തി. തുടർന്ന് പുഷ്പാർച്ചന, പ്രതിജ്ഞ പുതുക്കൽ എന്നിവയും നടന്നു.

യൂണിയൻ ഭരണസമിതി അംഗങ്ങൾ എൻഎസ്എസ് പ്രതിനിധി സഭ അംഗങ്ങൾ, വനിതാ യൂണിയൻ ഭാരവാഹികൾ, വിവിധ കരയോഗ - വനിതാ സമാജ ഭാരവാഹികൾ അംഗങ്ങൾ എന്നിവർ പങ്കെടുത്തു. യൂണിയൻ സെക്രട്ടറി ജി. വിനോദ് കുമാർ സ്വാഗതവും എൻഎസ്എസ് ഇൻസ്പെക്ടർ ആർ. സുഭാഷ് നന്ദിയും പറഞ്ഞു.

ആറ്റിങ്ങൽ: നായർ സർവീസ് സൊസൈറ്റിയുടെ സ്ഥാപകദിനത്തിൽ ചിറയിൻകീഴ് ആൽത്തറമൂട് നാട്ടുവാരം എൻഎസ്എസ് കരയോഗത്തിൽ പതാകദിനമായി ആചരിച്ചു. കരയോഗം പ്രസിഡൻറ് എം. ഭാസ്കരൻ നായർ പതാക ഉയർത്തി ഉദ്ഘാടനം ചെയ്തു. കരയോഗം വൈസ് പ്രസിഡൻറ് ആർ. രാമചന്ദ്രൻ നായർ അധ്യക്ഷത വഹിച്ചു. സെക്രട്ടറി പാലവിള സുരേഷ് പതാകദിനസന്ദേശം നൽകി. ട്രഷറർ ജെ. രഘുകുമാർ, ജോയിൻറ് സെക്രട്ടറി അമ്പുശ്രീസുമം, വനിതാ സമാജം വൈസ് പ്രസിഡൻറ് കെ. എൽ. രത്നകുമാരി, വനിതാ സമാജം ഭാരവാഹികളായ സിന്ധു പാലവിള, ദീപരാജേഷ് തുടങ്ങിയവർ പ്രസംഗിച്ചു.

മുണ്ടക്കയം ചോറ്റിയിൽ ഏഴു വാഹനങ്ങൾ കൂട്ടിയിടിച്ചു; നിരവധിപ്പേർക്ക് പരിക്ക്

കോട്ടയം: മുണ്ടക്കയം ചോറ്റിയിൽ വാഹനങ്ങൾ കൂട്ടിയിടിച്ച് അപകടം. ചോറ്റി ജംഗ്ഷനിൽ രാവിലെ 8.15 ഓടെയായിരുന്നു അപകടം. അഞ്ചു കാറുകളും, ഒരു ഓട്ടോറിക്ഷയും, ഒരു സ്കൂട്ടറുമാണ് അപകടത്തിൽപെട്ടത്. രണ്ട് വഴിയാത്രക്കാർക്കും പരിക്കേറ്റിട്ടുണ്ട്.

പരുക്കേറ്റവരിൽ എട്ടുപേരെ സമീപത്തെ സ്വകാര്യ ആശുപത്രിയിലും രണ്ടു പേരെ കാഞ്ഞിരപ്പള്ളി ജനറൽ ആശുപത്രിയിലും പ്രവേശിപ്പിച്ചു.

ഇവരിൽ മൂന്ന് പേരുടെ നില ഗുരുതരമാണെന്നാണ് ലഭിക്കുന്ന സൂചന.

മുണ്ടക്കയം ഭാഗത്ത് നിന്നെത്തിയ ബലേനോ കാർ ആദ്യം ഓട്ടോറിക്ഷയിൽ ഇടിക്കുകയും, തുടർന്ന് കൂട്ടയിടി നടക്കുകയുമായിരുന്നു എന്നുമാണ് ദൃക്സാക്ഷികൾ പറയുന്നത്.

ജപ്പാനിൽ ഭൂചലനം; 6.1 തീവ്രത രേഖപ്പെടുത്തി

ടോക്യോ: ജപ്പാനിലെ മീ പ്രിഫെക്ചറിന് തെക്കുകിഴക്കൻ തീരത്ത് ഭൂചലനം. ഇന്ന് രാവിലെയാണ് ഭൂചലനം ഉണ്ടായത്. 6.1 തീവ്രത രേഖപ്പെടുത്തി.

ജപ്പാൻ കാലാവസ്ഥാ ഏജൻസിയാണ് ഭൂചലനത്തിൻറെ വിവരം അറിയിച്ചത്.

പ്രാദേശിക സമയം രാവിലെ 7: 15-ഓടെയാണ് ഭൂചലനം ഉണ്ടായതെന്ന് കാലാവസ്ഥാ ഏജൻസി വ്യക്തമാക്കി.

ഏകദേശം 350 കിലോമീറ്റർ ആഴത്തിലാണ് പ്രകമ്പനം അനുഭവപ്പെട്ടത്. ഭൂകമ്പത്തിൽ നാശനഷ്ടമോ ആളപായമോ ഇതുവരെ റിപ്പോർട്ട് ചെയ്തിട്ടില്ല.

